കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# [www.lfa.kerala.gov.in](http://www.lfa.kerala.gov.in)

# തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് **2016-17**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി9-1063-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി. 08.08.2017

ഫോൺ : 0477 2252753

ഇ-മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി9-1063-17 തീയതി. 08.08.2017

# ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 22.07.2017മുതൽ<br>02.08.2017 വരെ | ശ്രീമതി.വി.മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. രാജേഷ്.ടി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1. പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീമതി. ശാന്തമ്മ പ്രകാശ് | 01.04.2016 മുതൽ 31.03.2017 വരെ |

2. സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി. വി. ലതികാദേവി | 01.04.2016 മുതൽ 10.01.2017 വരെ |
| 2 | ശ്രീ. വിപിനചന്ദ്രൻ. പി. എസ്. | 10.01.2017 മുതൽ 31.03.2017 വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. അമ്പിളി തിലകൻ | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | വികസനകാര്യം | ശ്രീമതി. ശശികല | 01.04.2016 മുതൽ 31.03.2017 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. കെ. ആർ. പുഷ്കരൻ | 01.04.2016 മുതൽ 31.03.2017 വരെ |
| 4 | ആരോഗ്യകാര്യം,<br>വിദ്യാഭ്യാസകാര്യം | ശ്രീമതി. വിജയകുമാരി | 01.04.2016 മുതൽ 31.03.2017 വരെ |

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. സിന്ധു. എം. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ. ജോഷി. കെ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. അമ്പിളി | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. കെ. രമേശ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശോഭന | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. റ്റി. സുഭാഷ് കുമാർ | 01.04.2016 മുതൽ31.03.2017 വരെ |
| എച്ച്.എം. യു.പി.എസ് | ശ്രീമതി. ഉഷ. ബി. നായർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സൗമ്യ. എസ്. | 01.04.2016 മുതൽ 31.03.2017 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി. കെ. പൊന്നമ്മ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. പി. ആർ. സജി | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ, പൂച്ചാക്കൽ | ശ്രീ. രജീഷ്. ടി.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ, തൈക്കാട്ടുശ്ശേരി | ശ്രീ. മഹേഷ്. സി | 01.04.2016 മുതൽ 06.08.2016 വരെ |
| | ശ്രീ. രജീഷ്. ടി. എസ് | 07.08.2016 മുതൽ 07.11.2016 വരെ |
| | ശ്രീമതി. ശ്രീവിദ്യ | 08.11.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 | | |
| 1 | പൊതു അവലോകനം | 1-1 മുതൽ 1-9 വരെ |
| ഭാഗം 2 | | |
| 2 | മണൽ ലേലം | 2-1 |
| 3 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ | 2-2 |
| 4 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല. | 2-3 |
| 5 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല | 2-4 |
| 6 | ഡി & ഓ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-5 |
| 7 | വസ്തുനികുതി പരിശോധന- അപാകങ്ങൾ | 2-6 |
| 8 | ഡെപ്പോസിറ്റ് രജിസ്റ്റർ - കാലഹരണപ്പെട്ട തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നില്ല. | 2-7 |
| 9 | പൊതുമരാമത്ത് പ്രവൃത്തികൾ- നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല | 2-8 |
| 10 | ഇ-ടെൻഡർ - ടെൻഡർ ഫീസ് ലഭിച്ചിട്ടില്ല | |
| 11 | പെർമിറ്റ് ഫീസ് - ഓഡിറ്റ് ഇംപാക്ട് | 2-9 |
| ഭാഗം 3 | | |
| 12 | ഒരേയാത്രക്ക് മുഴുവൻ യാത്രാബത്തയും വാഹനവാടകയും നല്കി | 3-1 |
| 13 | ആർജിതാവധി സറണ്ടർ -അധിക തുക അനുവദിച്ചു | 3-2 |
| 14 | ഗ്രാമപഞ്ചായത്ത് ഓഫീസിൽ കംപ്യൂട്ടർ, പ്രിന്റർ വാങ്ങൽ-അപാകങ്ങൾ | 3-3 |
| 15 | തൈക്കാട്ടുശ്ശേരി ഗവ.സ്കൂളിലേക്ക് മൈക്ക് സെറ്റ്, പ്രസംഗപീഠം എന്നിവയുടെ വാങ്ങൽ - കുറഞ്ഞ ടെൻഡർ അംഗീകരിക്കാത്തതുമൂലം നഷ്ടം | 3-4 |

| | | |
|---|---|---|
| 16 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - ഉയർന്ന നിരക്കിലുള്ള ടെൻഡർ പരിഗണിച്ചതുവഴി നഷ്ടം | 3-5 |
| 17 | ആരോഗ്യസ്ഥാപനങ്ങൾക്ക് മരുന്നുകൾ ലഭ്യമാകാത്തത് -സംബന്ധിച്ച് | 3-6 |
| 18 | ആയുർവേദാശുപത്രിക്ക് മരുന്ന വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 3-7 |
| 19 | പൂച്ചാക്കൽ പുതിയ മാർക്കറ്റ് നിർമ്മാണം (S0076/17) – കുഴിച്ചെടുത്ത മണ്ണിന്റെ അളവ് കുറവ് ചെയ്തിട്ടില്ല. | 3-8 |
| 20 | ഇ.എം.എസ് ലോൺ തിരിച്ചടവ് | 3-9 |
| 21 | തൈക്കാട്ടുശ്ശേരി NRHM ഹോമിയോ ആശുപത്രിയിൽ 2 അറ്റൻഡർ തസ്തികകളിൽ ദിവസവേതനം നൽകി വരുന്നു. | 3-10 |
| 22 | തനത്ഫണ്ട് ചെലവുകൾ - തുക ചെലവഴിച്ചതിന് രേഖകളില്ല | 3-11 |
| 23 | സേവനനികുതി ഈടാക്കിയിട്ടില്ല | 3-12 |
| 24 | വിവിധ പ്രോജക്ടുകൾ -തുക നൽകിയതിന്റെയും വിനിയോഗത്തിന്റെയും വിവരങ്ങളില്ല | 3-13 |
| 25 | സാക്ഷരത തുല്യത പഠനം - കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല | 3-14 |
| 26 | സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ (പട്ടികവർഗ്ഗം) - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 3-15 |
| 27 | ആശ്രയ പദ്ധതി | 3-16 |
| 28 | പി.എം.എ.വൈ (പട്ടികജാതി) വിഹിതം. - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-17 |
| 29 | ഒ.ഡി.എഫ് | 3-18 |
| ഭാഗം 4 | | |
| 30 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-10 വരെ |
| | അനുബന്ധം | |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (മലയാളം) | |

| | | |
|---|---|---|
| 32 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (ഇംഗ്ലീഷ് ) | |
| 33 | 10.03.2017 – ലെ പഞ്ചായത്ത് കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങളുടെ പേരുവിവരം | |

# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്

നിയമസഭാ ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ട തുക തന്നെ വകയിരുത്തി 2016-17 വർഷത്തേക്ക് ബജറ്റ് അംഗീകരിച്ചു. (09.3.2016- ലെ തീരുമാനം) ഇതിനുശേഷം 09.09.2016 – ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2016-17 വർഷത്തെ ബജറ്റ് അംഗീകരിച്ചു (വരവ്- 73110497, ചെലവ് - 43201606) . ഇതിനുശേഷം 25.03.2017-ലെ 1-ാം നമ്പർ തീരുമാനപ്രകാരം റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 90812598 | 44459287 |
| വാർഷിക കണക്ക് പ്രകാരം | 42534087 | 38570304 |

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. വാർഷിക കണക്കിലെ അപാകതകൾ ഖണ്ഡിക 4-1 -ൽ പരാമർശിച്ചിട്ടുണ്ട്.

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 10203446 | 8740410 | 85.66 |
| വികസനഫണ്ട് എസ്.സി.പി | 4659231 | 4659231 | 100 |
| വികസനഫണ്ട് റ്റി.എസ്.പി | 119901 | 119901 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1899546 | 434249 | 22.86 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 2730945 | 2003633 | 73.37 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5721678 | 4655396 | 81.36 |
| പെർഫോമൻസ് ഗ്രാന്റ് | 2996619 | - | 0 |
| എം.എൻ.ആർ.ഇ.ജി.എസ് | 26760283 (മുന്നിരിപ്പ് 11807/- രൂപ) | 26758206 | 99.99 (നീക്കിയിരിപ്പ് 2077/- രൂപ) |
| ബിഫണ്ട് | 24948330 | 24948330 | 100 |

* ഗ്രാമപഞ്ചായത്തിന് പെർഫോമൻസ് ഗ്രാന്റായി തൻവർഷം 29,96,619/- രൂപ ലഭിച്ചിട്ടുണ്ടെങ്കിലും ഇതിൽ നിന്നും തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. തദ്ദേശസ്ഥാപനങ്ങളുടെ വികസനപദ്ധതികളുമായി ബന്ധപ്പെട്ട് മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ലഭിക്കുന്ന ഈ തുകയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പ് വരുത്തുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാത്തത് പഞ്ചായത്തിന്റെ ഗുരുതര വീഴ്ചയാണ്. റോഡ് ആസ്തികളുടെ പരിപാലനത്തിനായി 2016-17 ൽ ലഭിച്ച ഗ്രാന്റിലും നാമമാത്രമായ ചെലവാണ് സാമ്പത്തിക വർഷമുള്ളത്. അറ്റകുറ്റപ്പണികൾക്ക് പണമില്ലാതെ റോഡുകൾ തകരാറിലാകുന്ന നിലവിലെ സാഹചര്യത്തിൽ ലഭിച്ച തുകയുടെ നാലിലൊരു ഭാഗം പോലും ചെലവഴിക്കാത്തതിലേക്ക് വികസന സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഇത് ഗൌരവതരമായി കണക്കാക്കി തുടർപ്രവർത്തനങ്ങൾ നടപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 122 | 54637580 | 68 | 25623419 | 43 | 11 | 55.74 |

## 1-5 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതുവരുമാനത്തിൽ താഴെ പറയും പ്രകാരം 23.12% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1585953 | 3246459 | 1660506 | 105% |
| നികുതിയേതര വരവുകൾ | 1544231 | 390160 | (-)1154071 | (-) 75% |
| മറ്റ് വരവുകൾ | 50094 | 279019 | 228925 | 457% |
| ആകെ | 3180278 | 3915638 | 735360 | 23.12% |

## 1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 846840 | 624 |
| കർഷകതൊഴിലാളി പെൻഷൻ | 4620810 | 577 |
| വിധവാ പെൻഷൻ | 6132350 | 636 |
| വാർദ്ധക്യകാല പെൻഷൻ | 11058300 | 1679 |
| വികലാംഗ പെൻഷൻ | 1688920 | 216 |
| അവിവാഹിത പെൻഷൻ | 571110 | 61 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 30000 | 1 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8917 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.7.2009 ലെ ജി.ഒ (എം.എസ്.1) 23/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തുടങ്ങിയവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.07.2017 – 20.07.2017 | 6/2017 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.12.2006 – 20.12.2006 | 2005/06 | 24.03.2007 |

## 1-10 പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് 2016-17 കാലയളവിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥർ മുഖേന നടത്തിയ പർച്ചേസിംഗിൽ കുറഞ്ഞ ടെണ്ടർ/ ക്വട്ടേഷൻ ഒഴിവാക്കി ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. വസ്തുതാ പരമായ കാരണങ്ങൾ ഇല്ലാതെ കുറഞ്ഞ നിരക്ക് ഒഴിവാക്കുന്നത് സ്റ്റോർ പർച്ചേസ്/ പ്രൊക്യൂർമെന്റ് കമ്മിറ്റി മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. ആയതിനാൽ പർച്ചേസ് കമ്മിറ്റി രൂപീകരിച്ച് സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾക്ക് അനുസൃതമായി വാങ്ങലുകൾ നടത്തേണ്ടതാണ്.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മണൽ ലേലം

തൈക്കാട്ടുശ്ശേരി വില്ലേജ് സർവ്വേ 55/4, 56/4 എന്നീ നമ്പരുകളിൽപ്പെട്ട സ്ഥലത്ത് ശ്മശാനം നിർമ്മിക്കുന്നതിനായി, സ്ഥലത്തുള്ള അധിക മണൽ, വ്യവസ്ഥകൾക്ക് വിധേയമായി ലേലം ചെയ്യുന്നതിനായി 22.2.2011ലെ A3-125/08 പ്രകാരം പഞ്ചായത്ത് ലേലപരസ്യം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 14.3.2011 ലെ I(c) തീരുമാനപ്രകാരം പഞ്ചായത്തിന്റെ ശ്മശാനം കോമ്പൗണ്ടിലെ സിലിക്കാ മണൽ നീക്കം ചെയ്യുന്നതിനുള്ള അവകാശം ലേലം വഴി ശ്രീ.രാജു.ജി.കൊച്ചാമഠം, തിരുനല്ലൂർ പി.ഒ എന്നയാൾക്ക് 2,63,37,500/-രൂപയ്ക്ക് അംഗീകരിച്ചു നൽകി. ഗ്രാമപഞ്ചായത്തും ശ്രീ.രാജു.ജി.കൊച്ചാമഠവും തമ്മിൽ 27.10.2012 ൽ ഏർപ്പെട്ട കരാർ പ്രകാരം 14000 $M^3$ സിലിക്കാമണൽ എടുത്തുമാറ്റുന്നതിന് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള തൈക്കാട്ടുശ്ശേരി വില്ലേജിൽ സർവേ നം.75/9 ൽ 7.89ആർസ്, 75/10ൽ 04.61ആർസ്, 75/5 ബി 00.81ആർ, 75/6ഡി 0.2.02ആർ, 55/5ബി 03.64 ആർസ്, 55/7 ൽ 22.26ആർസ്, 56/4 ൽ 18.21ആർസ്, 56/5 ബി 17.00 ആർസ് (ആകെ 76.44ആർസ്) വസ്തു കരാറുകാരന് ലീസിന് നൽകിയിട്ടുണ്ട്. ഇതിനായി സെക്യൂരിറ്റി നിക്ഷേപമിനത്തിൽ 2,50,000/-രൂപയും 16.3.2011 ൽ ആദ്യഗഡുവായി 87,79,167/- രൂപയും 26.3.2011ൽ തുകയുടെ വാറ്റിനത്തിൽ 3,12,425/-രൂപയും ശ്രീ. രാജു. ജി, കൊച്ചാമഠം പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ പത്രപ്പരസ്യം നൽകിയതിൽ നിന്ന് വ്യത്യസ്തമായി രണ്ട് സർവ്വേ നമ്പരുകളിൽ നിന്ന് മണൽ എടുക്കുന്നതിനു പകരം എട്ട് സർവ്വേ നമ്പരുകളിൽ നിന്ന് മണൽ എടുക്കുന്നതിനാണ് കരാർ വെച്ചിട്ടുള്ളത്. കൂടാതെ പരസ്യത്തിൽ പറയുന്ന 55/4 എന്ന സർവ്വേ നമ്പരിലെ വസ്തു കരാറിൽ ഉൾപ്പെട്ടില്ല. മണലെടുപ്പ് സംബന്ധിച്ച് പഞ്ചായത്ത് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ 27.1.2015ലെ വ്യവസായം

(എ) വകുപ്പിന്റെ ഉത്തരവ് (എം.എസ്)നം. 13/2015/ID പ്രകാരം ആറ് സർവ്വേ നമ്പരുകളിൽ നിന്ന് മണൽ എടുക്കുവാനാണ് സർക്കാർ അനുവാദം നൽകിയിട്ടുള്ളത്.

കരാർ വ്യവസ്ഥ പ്രകാരം 90 ദിവസത്തിനുള്ളിൽ കരാറുകാരൻ മണൽ നീക്കം ചെയ്യേണ്ടിയിരുന്നു. മണൽ ലേലം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ മണൽ നീക്കം ചെയ്യുവാനുള്ള അവകാശത്തിന്റെ കാലാവധി പലതവണയായി കരാറുകാരന് നീട്ടി നൽകിയതായി കാണുന്നു. എന്നാൽ നാളിതുവരെയായി കരാറുകാരൻ കരാറിൽ പറഞ്ഞിട്ടുള്ള മണൽ നീക്കം ചെയ്തിട്ടില്ല. 2011 ൽ $m^3$ ന് 1880/-രൂപ നിരക്കിലാണ് ലേലം നടത്തിയിട്ടുള്ളത്. പ്രാദേശിക അന്വേഷണത്തിൽ $M^3$ ന് 5000/-രൂപയിലധികം വിലവരുന്ന മണ്ണാണ് കുറഞ്ഞ നിരക്കിൽ ലേലം നടത്തിയിട്ടുള്ളത്. കാലാവധി നീട്ടി നൽകിയ കാലയളവിനുള്ളിൽ മണലിന്റെ ലഭ്യത വളരെയധികം കുറയുകയും മണൽ എടുക്കുന്നതിന് നിയമപരമായ പല നിയന്ത്രണങ്ങൾ വരുകയും മണലിന്റെ വില പതിന്മടങ്ങ് വർദ്ധിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ 2011ലെ നിരക്കിൽ ലേലം അവകാശം നീട്ടിനൽകുന്നതുവഴി കരാറുകാരന് അമിതമായ ലാഭം ഉണ്ടാകുവാനുള്ള സാഹചര്യം ഉണ്ട്. മണലിന്റെ വില വർദ്ധനവിന്റെ പ്രയോജനം പഞ്ചായത്തിന് ലഭിക്കുന്നുമില്ല.

തൈക്കാട്ടുശ്ശേരി വില്ലേജ് ഓഫീസർ 14.9.2012ൽ നൽകിയ കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം മേൽ പറഞ്ഞ സർവ്വേ നമ്പരിൽ പറയുന്ന 76.44ആർസ് സ്ഥലവും തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണ്. എന്നാൽ 26.5.15 ൽ തൈക്കാട്ടുശ്ശേരി വില്ലേജ് ഓഫീസർ നൽകിയ ഉടമസ്ഥാവകാശരേഖ പ്രകാരം സ്ഥലം പുറമ്പോക്ക് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ സർവ്വേ നമ്പരുകളിലുള്ള ഭൂമിയുടെ ഉടമസ്ഥത, കൈവശാവകാശം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല. ശ്രീ. വിനോദ്, കണ്ണാട്ട് എന്നയാൾക്ക് വിവരാവകാശനിയമം 2005 പ്രകാരം പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയിൽ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പ്രകാരം 56/4, 55/7, 75/5ബി, 75/6 ഡി എന്നീ സർവ്വേ നമ്പരുകൾ പുറംപോക്ക് ഭൂമിയാണെന്നും 55/4 B1, 55/4 B2 എന്നീ സർവ്വേ നമ്പരുകൾ സ്വകാര്യവ്യക്തിയുടെതാണെന്നും പറയുന്നു. അങ്ങനെയാണെങ്കിൽ ശ്മശാനഭൂമിയിലെ മണൽ ലേലം നടത്തി 87,79,167/-രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയത്, മണൽ എടുക്കുന്നതിന് അനുവാദം നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് (എം.എസ്)13/15-ാം സർക്കാരിനെ തെറ്റിദ്ധരിപ്പിച്ച് നേടുവാനുള്ള സാഹചര്യം, 26.5.15 ൽ തൈക്കാട്ടുശ്ശേരി വില്ലേജ് ഓഫീസർ നൽകിയ ഉടമസ്ഥാവകാശരേഖ തെറ്റാണെങ്കിൽ ആയത് തിരുത്തുന്നതിനായി പഞ്ചായത്ത് സ്വീകരിച്ച നടപടികൾ എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 29.07.2017-ൽ നൽകിയ 6-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ നിയമപരമായ ചില വിഷയങ്ങൾ ഉണ്ടായിരുന്നതിനാൽ 90 ദിവസത്തിനുള്ളിൽ കരാറുകാരന് മണൽ നീക്കം ചെയ്യുവാൻ സാധിച്ചില്ലായെന്നും സർക്കാർ ഉത്തരവ് ലഭിച്ചപ്പോൾ തർക്കങ്ങൾ ഉണ്ടായതിനാൽ ജില്ലാ കളക്ടർ ഇടപെട്ട് ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിരടയാളങ്ങൾ സ്ഥാപിച്ചശേഷം മണൽ നീക്കം ചെയ്താൽ മതിയെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാലാണ് കാലതാമസമുണ്ടായതെന്നും കരാറുകാരന്റേതല്ലാത്ത കുറ്റം മൂലമാണ് മണൽ നീക്കം ചെയ്യുന്ന പ്രക്രിയ നീണ്ടു പോയതെന്നതിനാൽ കരാർ റദ്ദാക്കിയാൽ പഞ്ചായത്തിന് നഷ്ടം സംഭവിക്കുമെന്നും, കരാർ റദ്ദാക്കി പുനർ ലേലനടപടികൾ പുനരാരംഭിച്ചാൽ മണൽ നീക്കം ചെയ്യുന്നതിനുള്ള അവകാശം പഞ്ചായത്തിന് എന്നേക്കുമായി നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്നും കനത്ത സാമ്പത്തിക നഷ്ടം ഉണ്ടാകുമെന്നും പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ സ്ഥലങ്ങൾ എല്ലാം പഞ്ചായത്ത് വകയാണെന്നും മണൽ കുന്നിലൂടെയുള്ള റോഡ് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പഞ്ചായത്ത് നിർമ്മിച്ചതാണെന്നും എന്നാൽ ആയതിന്റെ ആധാരമോ മറ്റ് രേഖകളോ പഞ്ചായത്തിന്റെ കൈവശം ലഭ്യമല്ലായെന്നും ഭൂമി അളക്കുവാൻ താലൂക്ക് സർവ്വേയർക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നും മറുപടിയിൽ പറയുന്നു. പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.യഥാർത്ഥത്തിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയായിരുന്നുവെങ്കിൽ ഇത്രയേറെ നിയമപ്രശ്നങ്ങൾ ഉണ്ടാകുകയില്ലായിരുന്നു. രണ്ട് സർവ്വേ നമ്പരുകളിലെ മണൽ നീക്കം ചെയ്യുവാൻ പരസ്യം നൽകുകയും എട്ടിലധികം സർവ്വേ നമ്പരുകളിൽ നിന്ന് മണൽ നീക്കം ചെയ്യുവാൻ കരാർ നൽകിയതുവഴി കൂടുതൽ മണൽ കടത്തുകയും

അതുവഴി കരാറുകാരന് ലാഭം നേടിക്കൊടുക്കുവാൻ പഞ്ചായത്ത് വഴിയൊരുക്കുകയും ചെയ്തിട്ടുള്ളതായി ഇതിൽ നിന്ന് വ്യക്തമാണ്. കൂടാതെ മണൽ നീക്കം ചെയ്യുവാൻ പരസ്യം ചെയ്ത ഭൂമി പുറംപോക്ക് ഭൂമിയാണെന്നും, കരാറിലും സർക്കാർ ഉത്തരവിലും പറയുന്ന സർവ്വേ നമ്പരുകളിൽ ചിലത് സ്വകാര്യ വ്യക്തികളുടേതാണെന്നും വിവരാവകാശനിയമം പ്രകാരം പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടുള്ള സാഹചര്യത്തിൽ പുറംപോക്ക് ഭൂമിയിലെയും സ്വകാര്യ വ്യക്തികളുടേയും മണൽ നീക്കം ചെയ്യുവാനാണ് പഞ്ചായത്ത് ലേലനടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. കൂടാതെ ജില്ലാ കളക്ടർ നിർദ്ദേശിച്ചിട്ടും പഞ്ചായത്തിന്റെ ഭൂമി നാളിതുവരെയായിട്ടും അളന്ന് തിട്ടപ്പെടുത്തുവാൻ സാധിക്കാത്തത് ഗുരുതരമായ വീഴ്ചയും അലംഭാവുമാണ്. മണലിന്റെ ലഭ്യത വളരെയധികം കുറയുകയും മണൽ എടുക്കുന്നതിന് നിയമപരമായ പല നിയന്ത്രണങ്ങൾ വരുകയും മണലിന്റെ വില പതിന്മടങ്ങ് വർദ്ധിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിലും മണൽ ലേലം കൊണ്ട കരാറുകാരൻ പഞ്ചായത്തിൽ അടച്ചിട്ടുള്ള മുഴുവൻ തുകയും തിരികെ നൽകി കരാർ അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 7/7/2017ൽ കത്ത് നൽകിയിട്ടുള്ളതിനാലും കരാർ റദ്ദ് ചെയ്ത് പഞ്ചായത്ത് വക ഭൂമിയുണ്ടെങ്കിൽ ആയതിന്റെ അതിരടയാളങ്ങൾ നിർണ്ണയിച്ച് വിപണിയിലെ ഉയർന്ന വിലയുടെ പ്രയോജനം പഞ്ചായത്തിന് ലഭിക്കും വിധം പുനർലേലം നടത്തി പഞ്ചായത്തിന്റെ ഉത്തമ താൽപര്യം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ

1. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2016-17 കാലയളവിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സെന്റ് മേരി ഓഫ് ലവൂക്ക ഇംഗ്ലീഷ് മീഡിയം സ്കൂൾ |
| 2 | കേരള വാട്ടർ അതോറിറ്റി (വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്) |

2. 26/2/2016ലെ G.O.(P)28/16/Fin പ്രകാരം വിവിധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കും സ്ഥിരം ജീവനക്കാർക്ക് നൽകുന്ന വേതനത്തിനാനുപാതികമായി വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരമുള്ള ഏറ്റവും കുറഞ്ഞ ദിവസവേതനം 2016-17 ൽ 600/- രൂപയാണ്. പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ഗവ.ഹയർ സെക്കന്ററി സ്കൂൾ, തേവർവട്ടം എന്ന സ്ഥാപനത്തിൽ ഹയർ സെക്കന്ററി വിഭാഗം ആരംഭിച്ചിട്ട് മൂന്ന് വർഷത്തിലധികമായെങ്കിലും നാളിതുവരെ തൊഴിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല. ഹയർ സെക്കന്ററി വിഭാഗത്തിലെ സീനിയർ ടീച്ചർക്ക് ദിവസവേതനം 1300/-രൂപയും (പരമാവധി മാസശമ്പളം 39000/-രൂപ) ജൂനിയർ ടീച്ചർക്ക് 1075/-രൂപയും (പരമാവധി മാസശമ്പളം 32250/-രൂപ) ആണ്. ആയതനുസരിച്ച് ശരാശരി 28600/- രൂപ സീനിയർ ടീച്ചർക്കും 23650/- രൂപ ജൂനിയർ ടീച്ചർക്കും മാസശമ്പളം ലഭിക്കുന്നതാണ്. തൊഴിൽനികുതി സ്ലാബ് അനുസരിച്ച് അർദ്ധവർഷം 1,20,000/- രൂപയ്ക്ക് മേൽ ശമ്പളം ലഭിക്കുന്നവരിൽ നിന്നും 1250/-രൂപ തൊഴിൽനികുതി ഈടാക്കാവുന്നതാണ്. കൂടാതെ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഗവ. ആയുർവേദാശുപത്രിയിലെ അറ്റൻഡർ ശ്രീമതി. സീമ. വി, ഹോമിയോ ഡിസ്പെൻസറിയിലെ അറ്റൻഡർമാരായ ശ്രീമതി. രാജലക്ഷ്മി, ശ്രീമതി. ബിന്ദു. പി. ഡി.,

പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ. അഭിലാഷ് കുമാർ എന്നിവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

രാജഗിരി സി.എം.ഐ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ജീവനക്കാരിൽ നിന്ന് ഒന്നാം അർദ്ധവർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല. കൂടാതെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ദേവി ഗ്യാസ് ഏജൻസീസ്, ജംഗാർ സർവ്വീസ് ജീവനക്കാർ, തൈക്കാട്ടുശ്ശേരി ക്ഷീരോത്പാദക സഹകരണസംഘത്തിലെ ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ സെന്റ് മേരി ഓഫ് ലവ്വക്ക ഇംഗ്ലീഷ് മീഡിയം സ്കൂൾ തൊഴിൽ നികുതി അടച്ചത് ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിലാണെന്ന് അറിയിക്കുകയും ആയതിന്റെ രസീത് പകർപ്പ് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തേവർവട്ടം ഗവ.ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാളിന് ഫോം നമ്പർ 6 നൽകി തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വില്ലേജ് അടിസ്ഥാനത്തിൽ പഞ്ചായത്ത് രൂപീകരിച്ചിട്ടുള്ളതിനാൽ തൈക്കാട്ടുശ്ശേരി വില്ലേജിൽ സ്ഥിതി ചെയ്യുന്ന സ്കൂൾ ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കുന്നത് ശരിയായ നടപടിയല്ല. ആയതിനാൽ ഈ സ്ഥാപനത്തിന്റെ തൊഴിൽ നികുതി തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്ത് ഡിമാന്റ് ചെയ്യേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ തുടർച്ചയായി 60 ദിവസത്തിലധികം ജോലി ചെയ്യുന്ന എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

3. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട തുക |
|---|---|---|
| 1 | പുതിയേടത്ത് ബാങ്കേഴ്സ് | 2500/- |
| 2 | തേവർവട്ടം ക്ഷീരോത്പാദക സഹകരണസംഘം ക്ലിപ്തം നമ്പർ എ 277 D | 2500/- |
| 3 | മണപ്പുറം ക്ഷീരോത്പാദക സഹകരണസംഘം ക്ലിപ്തം നമ്പർ എ 236 D | 2500/- |
| 4 | ലാഭം മാർക്കറ്റ് പൂച്ചാക്കൽ | 2500/- |
| 5 | നീതി മെഡിക്കൽ സ്റ്റോർ, പൂച്ചാക്കൽ | 2500/- |
| 6 | മണപ്പുറം ഫിനാൻസ് | 2500/- |
| 7 | മണിയംപിള്ളി ഫിനാൻസ്, പൂച്ചാക്കൽ | 2500/- |
| | ആകെ | 17500/- |

മേൽ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം. 1/26.07.2017) നൽകിയതിൽ, ഈ സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്ന് കുടിശ്ശിക സ്ഥാപനനികുതിയായ 17500/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 <u>മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല.</u>

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/ 2011/തസ്വഭവ പ്രകാരം തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ മൊബൈൽ ടവറുകൾക്ക് ചതുരശ്ര മീറ്ററിന് 500/- രൂപയാണ് വസ്തുനികുതിയായി നിശ്ചയിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വിവരങ്ങൾ ലഭ്യമാക്കുവാനും രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ, ഗ്രാമ പഞ്ചായത്തിൽ അസ്സസ് ചെയ്ത 3 മൊബൈൽ ടവറുകളാണുള്ളതെന്നും മൊബൈൽ ടവറുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ വസ്തുനികുതി ഈടാക്കിയതു സംബന്ധിച്ച് യാതൊരു വിവരങ്ങളും മറുപടിയിൽ പറയുന്നില്ല. ഓഡിറ്റിന്റെ ഭൗതിക പരിശോധനയിൽ പഞ്ചായത്ത് പരിധിയിൽ 7ൽ കുറയാത്ത മൊബൈൽ ടവറുകളുള്ളതായും ആയതിൽ പലതും അസ്സസ് ചെയ്തിട്ടില്ല എന്നും കണ്ടെത്തിയിട്ടുണ്ട്. തന്മൂലം പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ മൊബൈൽ ടവറുകളുടെയും വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിൽ 9 കടമുറികളാണുള്ളത്. 2016-17 കാലയളവിൽ 6/140-ാം നമ്പർ കെട്ടിടത്തിലെ ശ്രീ. ദിനേശ്, അര്യത്തറ എന്ന വാടകക്കാരൻ വാടക തുക ഒന്നും തന്നെ ഒടുക്കിയിട്ടില്ല. ടിയാൾ ഈ കാലയളവിൽ ആകെ 11112/- രൂപ കുടിശ്ശിക വരുത്തിയതായി കാണുന്നു. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അടിയന്തിരമായി വാടക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക പലിശസഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 ഡി & ഓ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

താഴെ പറയുന്ന സ്ഥാപനങ്ങൾ 2016-17 കാലയളവിൽ ഡി & ഓ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനങ്ങൾ |
|---|---|
| 1 | ശ്രീകൃഷ്ണ ജൂവല്ലറി, പൂച്ചാക്കൽ |
| 2 | പൂച്ചാക്കൽ ജൂവല്ലറി |
| 3 | ഓമനക്കുട്ടൻ, തടി കച്ചവടം |
| 4 | കരുണാകരൻ പിള്ള, തടിക്കച്ചവടം |
| 5 | സെബീന ചിക്കൻ സെന്റർ, പൂച്ചാക്കൽ |
| 6 | ലാഭം മാർക്കറ്റ്, പൂച്ചാക്കൽ |
| 7 | നീതി മെഡിക്കൽ സ്റ്റോർ, തൈക്കാട്ടുശ്ശേരി |
| 8 | മാവേലി മെഡിക്കൽ സ്റ്റോർ, പൂച്ചാക്കൽ |

| | |
|---|---|
| 9 | മണിയംപിള്ളി ഫിനാൻസ്, പൂച്ചാക്കൽ |
| 10 | മണപ്പുറം ഫിനാൻസ്, പൂച്ചാക്കൽ |

ഡി & ഒ ലൈസൻസ് രജിസ്റ്റർ പൂർണ്ണമല്ല. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിന്റെ കാരണം വിശദീകരിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

## 2-6 വസ്തുനികുതി പരിശോധന- അപാകങ്ങൾ

വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തുടങ്ങിയവ പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പഞ്ചായത്തിന്റെ നികുതി വിധേയമായ മുഴുവൻ കെട്ടിടങ്ങളും സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കുകളിലും സോഫ്റ്റ്‌വെയറിലും കാണിച്ചിരിക്കുന്ന വസ്തു നികുതി ഡിമാന്റും പിരിവുമായി പൊരുത്തപ്പെടുന്നില്ല. ബേസ് ഡേറ്റാ എൻട്രി പൂർത്തിയായിട്ടില്ലാത്തതിനാൽ വസ്തു നികുതി സംബന്ധിച്ച് യഥാർത്ഥ ഡിമാന്റ് നിർണ്ണയിക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. മൊബൈൽ ടവറുകൾ, അനധികൃത കെട്ടിടങ്ങൾ എന്നിവയുടെ നികുതി നിർണ്ണയിച്ച് ഈടാക്കുവാൻ നാളിതുവരെയായി നടപടികൾ സ്വീകരിച്ചിട്ടില്ല. നിർണ്ണയിച്ച വസ്തുനികുതി ഈടാക്കുന്നതിലും പുരോഗതിയില്ല. ക്യാമ്പ് കളക്ഷൻ പോലെയുള്ള നികുതി പിരിവ് പരിപാടികൾ വിവിധ സമയങ്ങളിൽ സംഘടിപ്പിച്ച് നികുതി കുടിശ്ശിക യഥാസമയം ഈടാക്കുന്നതിന് ഊർജ്ജിത പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്.

## 2-7 ഡെപ്പോസിറ്റ് രജിസ്റ്റർ - കാലഹരണപ്പെട്ട തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നില്ല.

പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2011-12 കാലയളവുവരെയാണ് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളത്. 2011-12 കാലയളവിൽ 6,95,945/- രൂപ ബാലൻസ് ഉള്ളതായി കാണുന്നു. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കൾ 283 പ്രകാരം മൂന്ന് വർഷം കഴിഞ്ഞിട്ടുള്ള സെക്യൂരിറ്റി ഡിപ്പോസിറ്റുകൾ ഒഴികെയുള്ള ഡിപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ ഡിപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തതുമൂലം നാളിതുവരെയുള്ള ഡെപ്പോസിറ്റ് എത്രയാണെന്ന് വ്യക്തമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിന്റെ കാരണം വിശദീകരിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഡെപ്പോസിറ്റ് രജിസ്റ്റർ നാളിതുവരെയുള്ള രേഖപ്പെടുത്തലുകൾ വരുത്തി മൂന്ന് വർഷം കഴിഞ്ഞിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ ഒഴികെയുള്ള ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-8 പൊതുമരാമത്ത് പ്രവൃത്തികൾ- നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ല്യൂ.ഡി/ തീയതി. 01.02.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള

പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം – 25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ (അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിട്ടുള്ള സെലക്ഷൻ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുള്ള തീയതി) കരാർ ചമയ്ക്കാതിരുന്നിട്ടും അവരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി, കരാറുകാരന്റെ പേര് | സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയതി | കരാർ ചമച്ച തീയതി | എഗ്രീഡ് പി.എ.സി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | S0035/17<br>എം.ഡി.യു.പി.സ്കൂൾ മെറ്റലിംഗ്<br>രാധാകൃഷ്ണൻ നായർ,<br>പുള്ളിരിക്കും പറമ്പ്<br>പള്ളിപ്പുറം | 12.01.2017 | 16.01.2017 | 141621 | 1416 |
| 2 | S0045/17<br>ആയുർവേദ സബ്സെന്റർ റോഡ് മെറ്റലിംഗ്<br>രാധാകൃഷ്ണൻ നായർ,<br>പുള്ളിരിക്കും പറമ്പ്<br>പള്ളിപ്പുറം | 12.01.2017 | 16.01.2017 | 134433 | 1344 |
| | ആകെ | | | | 2760 |

മേൽ വിഷയം സംബന്ധിച്ച് 29.07.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 10- ന് തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-9 ഇ-ടെൻഡർ - ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ കരാറുകാർ മുഖേന നിർവ്വഹണം ചെയ്യുന്ന 5 ലക്ഷം രൂപയും അതിനുമുകളിലുമുള്ള പൊതുമരാമത്ത് പ്രവർത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തിയിരുന്നു. 2015-16 വർഷം പ്രസ്തുത പ്രവർത്തികളുടെ ടെണ്ടർഫീസിനത്തിൽ താഴെപ്പറയും പ്രകാരമുള്ള തുക എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾക്ക് 2016-17 വർഷവും സ്പിൽ ഓവറായി തുക ചെലവഴിച്ചിട്ടുള്ളതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ടെണ്ടർ ഐ.ഡി | പ്രവർത്തിയുടെ പേര് | ടെൻഡറിൽ പങ്കെടുത്തവരുടെ പേര് വിവരം | ടെൻഡർ ഫീസ് | ആകെ ലഭ്യമായ ടെണ്ടർ ഫീസ് |
|---|---|---|---|---|---|
| 1 | 2015-LSGD-47656-1 | കുട്ടച്ചിറ മണ്ണേഴത്ത് മെറ്റലിംഗ് ആന്റ് ടാറിംഗ് | ശ്രീ.അബ്ദു സലാം, മുരിക്കേലിൽ കൺസ്ട്രക്ഷൻസ് | 1800 | 3600 |
| | | | ശ്രീ. ടി. ജെ. ജോബ് | 1800 | |
| 2 | 2015-LSGD-32130-1 | പൂച്ചാക്കൽ പുതിയ മാർക്കറ്റ് നിർമ്മാണം (ടെൻഡർ) | ശ്രീ. അബ്ദു സലാം, മുരിക്കേലിൽ കൺസ്ട്രക്ഷൻസ് | 5000 | 5000 |
| 3 | 2015-LSGD-35119-1 | പൂച്ചാക്കൽ പുതിയ മാർക്കറ്റ് നിർമ്മാണം (റീ ടെൻഡർ) | ശ്രീ. അബ്ദു സലാം, മുരിക്കേലിൽ കൺസ്ട്രക്ഷൻസ് | 5000 | 5000 |
| | ആകെ | | | | 13600 |

പഞ്ചായത്തിന് അർഹതപ്പെട്ട ഈ തുക തിരികെ ലഭിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-10 <u>പെർമിറ്റ് ഫീസ് - ഓഡിറ്റ് ഇംപാക്ട്</u>

രാജഗിരി സി.എം.ഐ ഇംഗ്ലീഷ് മീഡിയം സ്കൂൾ 7668.8 m2 വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി പെർമിറ്റിന് അപേക്ഷ നൽകിയപ്പോൾ വാസഗൃഹങ്ങൾക്കുള്ള നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കിയിരുന്നത്. കെ.പി.ബി.ആർ ചട്ടം 11(3) പ്രകാരം കാറ്റഗറി 2പഞ്ചായത്തുകളിൽ വാസഗൃഹങ്ങൾക്ക് 3രൂപ നിരക്കിലും അല്ലാത്തവയ്ക്ക് 5രൂപ നിരക്കിലുമാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ 3രൂപ നിരക്കിൽ രാജഗിരി സ്കൂളിൽ നിന്ന് രസീത് നം. 11501101539/19.11.2015 പ്രകാരം 23007/-രൂപയാണ് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുള്ളത്. വാസഗൃഹങ്ങൾ അല്ലാത്ത എല്ലാ കെട്ടിടങ്ങൾക്കും 5 രൂപ നിരക്കിൽ പെർമിറ്റ് ഫീസ് ഈടാക്കേണ്ടതിനാൽ പ്രസ്തുത സ്കൂളിൽ നിന്നും 38344/-രൂപ പെർമിറ്റ് ഫീ ഇനത്തിൽ ഈടാക്കേണ്ടതായിരുന്നു. ഈ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് നഷ്ടം 15337/-രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

തൈക്കാട്ടുശ്ശേരി സെന്റ് ഫ്രാൻസീസ് ചർച്ചിന്റെ പെർമിറ്റ് 19/1/2017ൽ പുതുക്കി നൽകിയിരുന്നു. പെർമിറ്റ് പുതുക്കി നൽകുമ്പോൾ പെർമിറ്റ് ഫീസിന്റെ 50% ഈടാക്കേണ്ടതാണെങ്കിലും 912M2 വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ പെർമിറ്റ് പുതുക്കി നൽകിയപ്പോൾ 137/-രൂപയാണ് (രസീത് നം.11601102972/19.01.2017) ഈടാക്കിയിരുന്നത്. വാസഗൃഹമല്ലാത്ത കെട്ടിടമായതിനാൽ 5രൂപ നിരക്കിൽ 912x5/2=2280 രൂപയാണ് ഫീസ് ഈടാക്കേണ്ടിയിരുന്നത്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് നഷ്ടം 2143/-രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഒരേയാത്രക്ക് മുഴുവൻ യാത്രാബത്തയും വാഹനവാടകയും നല്കി

2016 ഓഗസ്റ്റ് മാസത്തെ 21600352-ാം നമ്പർ വൌച്ചർ (ചെക്ക് നം-364236 dtd 23.08.16) പ്രകാരം 27.04.2016ൽ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ നടത്തിയ എം അസറ്റ് ജി.ഐ.എസ് പരിശീലനത്തിൽ പങ്കെടുത്തതിനായി ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ.അഭിലാഷ് കുമാർ. എസിന് 250 രൂപ യാത്രാബത്ത അനുവദിച്ചിട്ടുണ്ട്. എന്നാൽ 2016 ജൂലൈ മാസത്തെ 21600253 ാം നമ്പർ വൌച്ചർ പ്രകാരം (ചെക്ക് നം-364202 dtd 08.07.16) 27.04.2016ൽ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ നടത്തിയ ഇതേ പരിശീലനത്തിനായി ശ്രീ.അഭിലാഷ് കുമാർ. എസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള, 24/07/2014 ൽ ചേർത്തല ആർ.ടി.ഒ ഓഫീസിൽ KL-32-G-4675 നമ്പരായി നോൺ-ട്രാൻസ്പോർട്ട് വിഭാഗത്തിൽ രജിസ്റ്റർ ചെയ്ത മാരുതി സെലീറിയോ VXI വാഹനത്തിൽ പോയതിന് ശ്രീ.അഭിലാഷ് കുമാർ എസിന് 2480 രൂപ വാഹനവാടക നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ് നടത്തുന്ന യാത്രകൾക്ക് സ്പെഷ്യൽ കൺവയൻസ് അനുവദിക്കുന്നത് ക്രമപ്രകാരമല്ലാത്തതിനാൽ വാഹന വാടകയിനത്തിൽ ചെലവഴിച്ച 2480/- രൂപയുടെ ചെലവ് ഓഡിറ്റിൽ അനുവദിക്കുന്നില്ല. ഈ തുക ചെലവിനുത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ആർജിതാവധി സറണ്ടർ -അധിക തുക അനുവദിച്ചു

2016-17 സാമ്പത്തിക വർഷത്തിലെ പഞ്ചായത്ത് തനത്ഫണ്ട് ചെലവുരേഖകൾ പരിശോധിച്ചതിൽ 2017 മാർച്ച് മാസത്തെ 1106-ാം നമ്പർ ബിൽ (ചെക്ക് നം. 455416, തീയതി. 31.03.17) പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ. അഭിലാഷ് കുമാർ. എസിന് 31.03.2017 ലെ എ1/2810/2017 ഉത്തരവ് പ്രകാരം 30 ദിവസത്തെ ആർജിതാവധി സറണ്ടറായി 20,000 രൂപ നൽകിയിട്ടുണ്ട്. കെ.എസ്.ആർ പാർട്ട് 1, അപ്പൻഡിക്സ് VII ലെ റൂൾ 2 പ്രകാരം 1 മുതൽ 5 വർഷം വരെയുള്ള കാലയളവിലേക്ക് ജോലി ചെയ്യുന്ന, കെ.എസ്.ആർ പാർട്ട് 1 റൂൾ 8 പ്രകാരം താത്കാലികമായി നിയമിക്കപ്പെടുന്ന താത്കാലിക ജീവനക്കാർക്ക് വർഷത്തിൽ പരമാവധി 15 ആർജിതാവധിക്കാണ് അർഹതയുള്ളത്. ആർജിക്കുന്ന അവധി വർഷാവർഷം പണമാക്കാതെ ക്രെഡിറ്റിൽ സൂക്ഷിക്കുന്ന സാഹചര്യത്തിൽ മാത്രമാണ് ക്രെഡിറ്റിലുള്ള അവധികൾ ഒരു വർഷം പരമാവധി 30 എണ്ണം എന്ന നിരക്കിൽ സറണ്ടർ ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ളത്. വർഷം 15 ആർജിതാവധിക്ക് മാത്രം അർഹതയുള്ള ജീവനക്കാരന് 30 ദിവസത്തെ ആർജിതാവധി സറണ്ടർ അനുവദിച്ച് ക്രമപ്രകാരമല്ല. അധികം നൽകിയ തുക 10,000/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-3. ഗ്രാമപഞ്ചായത്ത് ഓഫീസിൽ കംപ്യൂട്ടർ, പ്രിന്റർ വാങ്ങൽ-അപാകങ്ങൾ

പ്രോജക്ട് : 129/17

ബിൽ നം. : 28/16-17, 49900/- രൂപ, തീയതി – 31.03.2017

ഗ്രാമപഞ്ചായത്തിന്റെ ഓഫീസിൽ കംപ്യൂട്ടർ, ഡ്യൂപ്ലക്സ് പ്രിന്റർ എന്നിവ വാങ്ങുന്നതിനുള്ള ഈ പദ്ധതിപ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഇയോൺ ഡിജിറ്റെക് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ഇതുപ്രകാരം സപ്ലൈ ഓർഡർ നൽകുകയും ചെയ്തിരുന്നു. സ്ഥാപനത്തിന്റെ വാറ്റ് രജിസ്ട്രേഷൻ, കരാർ വിവരങ്ങൾ എന്നിവ ലഭ്യമായില്ല, മാർച്ച് 31നകം സപ്ലൈ ചെയ്യാൻ സാധ്യതയില്ല എന്നീ കാരണങ്ങളാൽ ഈ സ്ഥാപനത്തിന് നൽകിയ സപ്ലൈ ഓർഡർ മാർച്ച് 29ന് റദ്ദാക്കി രണ്ടാമത്തെ റേറ്റ് നൽകിയ സ്മാർട്ട് ടെക്നോളജീസിൽ നിന്നും ഉപകരണങ്ങൾ വാങ്ങി. ഫയൽ പരിശോധന, വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17) പഞ്ചായത്ത് നൽകിയ മറുപടി എന്നിവയുടെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനം ഉപകരണങ്ങൾ നൽകുന്നതിന് മുമ്പേ അഡ്വാൻസ് ബില്ല് ഹാജരാക്കി പഞ്ചായത്ത് ട്രഷറിയിൽ നിന്നും തുക മാറി. ഭവനനിർമ്മാണം, മരുന്നുവാങ്ങൽ എന്നിങ്ങനെയുള്ള പദ്ധതികളിൽ മാത്രമാണ് അഡ്വാൻസായി തുക മാറാവുന്നത്. യഥാർത്ഥ ചെലവ് നടക്കാതെ പണം പിൻവലിച്ചത് നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്. പണം ചെലവഴിക്കാതെ പഞ്ചായത്ത് അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കെ പണം ചെലവഴിച്ചതായി കണക്കുകൾ തയ്യാറാക്കി.
2. വിതരണം ചെയ്ത എച്ച്.പി കംപ്യൂട്ടർ, കാനൺ പ്രിന്റർ എന്നിവ സ്മാർട്ട് ടെക്നോളജീസ് ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്നില്ല. 3 വർഷ വാറണ്ടിയുള്ള ACER ബ്രാൻഡിലുള്ള കംപ്യൂട്ടർ യഥാക്രമം 34375, 39375രൂപക്കാണ് ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ സ്ഥാപനം നൽകിയത് 40,800രൂപ വിലവരുന്ന മറ്റൊരു കംപ്യൂട്ടറാണ്. 18.50" സ്ക്രീനിനു പകരം 20" സ്ക്രീനാണ് സ്ഥാപനം നൽകിയത് എന്നാണ് പഞ്ചായത്ത് മറുപടി നൽകിയത്. എന്നാൽ സ്ഥാപനത്തിന്റെ ബില്ല് പ്രകാരം 18.50സ്ക്രീനാണ് നൽകിയിട്ടുള്ളത്. പഞ്ചായത്ത് ആവശ്യപ്പെട്ട ഡ്യൂപ്ലക്സ് പ്രിന്ററല്ല സ്ഥാപനം വിതരണം ചെയ്തത്. ടെൻഡർ ക്ഷണിച്ച ഇനങ്ങളും ടെൻഡറിൽ സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത ഇനങ്ങളും അവയുടെ വിലയും യഥാർത്ഥത്തിൽ വാങ്ങിയ ഉത്പന്നവും വിലയും തമ്മിൽ പരസ്പര ബന്ധമില്ലാത്ത സാഹചര്യത്തിൽ ടെൻഡർ നടപടികൾ വെറുതെയായി.
3. വാറ്റ് രജിസ്ട്രേഷൻ ,കരാർ എന്നിവയില്ല, മാർച്ച് 31നകം സപ്ലൈ്ല ചെയ്യാൻ സാധ്യതയില്ല എന്നീ കാരണങ്ങളാൽ സപ്ലൈ ഓർഡർ ക്യാൻസൽ ചെയ്ത പഞ്ചായത്ത് രണ്ടാമത്തെ സ്ഥാപനത്തിൽ നിന്നും ഈ രേഖകൾ വാങ്ങിയില്ല എന്നുമാത്രമല്ല രണ്ടാമത്തെ സ്ഥാപനം പഞ്ചായത്തിൽ ഉപകരണങ്ങൾ നൽകിയത് 2017 ഏപ്രിൽ 20ന് മാത്രമാണ്. കരാർ വച്ചതും സാമ്പത്തിക വർഷം അവസാനിച്ചതിനു ശേഷം മാത്രമാണ്. ഇത്തരം നടപടികളിലൂടെ സ്റ്റോർ പർച്ചേയ്സ് നിയമം അനുശാസിക്കുന്ന സുതാര്യതയും കുറഞ്ഞ നിരക്കിലുള്ള വാങ്ങലും പ്രാവർത്തികമായില്ല. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-4 തൈക്കാട്ടുശ്ശേരി ഗവ.സ്കൂളിലേക്ക് മൈക്ക് സെറ്റ്, പ്രസംഗപീഠം എന്നിവയുടെ വാങ്ങൽ - കുറഞ്ഞ ടെൻഡർ അംഗീകരിക്കാത്തതുമൂലം നഷ്ടം

പ്രോജക്ട് നം. : 48/2016-17

അടങ്കൽ : 50000/-

ചെലവ് : 49950/- ബിൽ നം. 5/16-17, തീയതി - 28.03.2017

തൈക്കാട്ടുശ്ശേരി ഗവ.സ്കൂളിലേക്ക് മൈക്ക് സെറ്റ്, പ്രസംഗപീഠം എന്നിവ വാങ്ങുന്നതിനായി 22.7.2017- ൽ എ1.1811/17 നമ്പർ പ്രകാരം ടെണ്ടർ പരസ്യം നൽകിയതിൽ താഴെ പറയുന്ന 3 പേർ ടെൻഡറിൽ പങ്കെടുത്തു.

| ക്രമ നം. | ടെണ്ടറിൽ പങ്കെടുത്തവരുടെ വിലാസം | ടെണ്ടറിൽ ക്വാട്ട ചെയ്ത തുക |
|---|---|---|
| 1 | ആൽഫാ നെറ്റ് സിസ്റ്റം, ചേർത്തല | 44500/- |
| 2 | പി.എ.ജോസ്, പുതുവൽത്തറ | 48979/- |
| 3 | K.R. സൈമൺ, കുന്നേൽ | 49950/- |

ടെണ്ടർ പരസ്യത്തിൽ പറഞ്ഞിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചുള്ള ടെണ്ടറുകളാണ് ലഭിച്ചിട്ടുള്ളത്. ആയതിനാൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടറാണ് തെരഞ്ഞെടുക്കേണ്ടിയിരുന്നത്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ആൽഫാ നെറ്റ് സിസ്റ്റം എന്ന സ്ഥാപനത്തെ പരിഗണിക്കാതെ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. കെ. ആർ. സൈമണിനെ പരിഗണിച്ചതുവഴി 5450/- (49950-44500) രൂപയുടെ നഷ്ടം വികസനഫണ്ടിൽ നിന്നുമുണ്ടായിട്ടുണ്ട്. ഉയർന്ന നിരക്ക്

പരിഗണിക്കുവാനുണ്ടായ സാഹചര്യം വിശദീകരിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മികച്ചതും മേന്മയേറിയതുമായ വസ്തുക്കൾ വാങ്ങണമെന്നുള്ളതിനാലും പഞ്ചായത്ത് കമ്മറ്റിയുടെ ഐകകണ്ഠേനയുള്ള (10.3.2017ലെ 1ാം നമ്പർ) തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് ഉയർന്ന നിരക്ക് പരിഗണിച്ചിട്ടുള്ളതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഗുണമേന്മയേറിയതും താരതമ്യേനെ വില കുറഞ്ഞതുമായ വസ്തുക്കൾ ലഭ്യമാക്കുന്നതിനാണ് ടെണ്ടർ ക്ഷണിക്കുന്നത്. പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിൽ, കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെൻഡർ പരിഗണിക്കാതിരിക്കാൻ മതിയായ കാരണങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ഇതിനാൽ മേൽ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ ഉയർന്ന നിരക്ക് പരിഗണിച്ചതുവഴി ഉണ്ടായ അധികചെലവായ, 5450/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് കമ്മറ്റിയംഗങ്ങൾ, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്

## 3-5 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - ഉയർന്ന നിരക്കിലുള്ള ടെൻഡർ പരിഗണിച്ചതുവഴി നഷ്ടം

പ്രോജക്ട് നം. : 60/16-17

അടങ്കൽ : 1,50,000/- ( SCP 1,45,000/- തനത് ഫണ്ട്. 5000/-)

ചെലവ് : 1,47,420/- ( SCP 1,45,000/- തനത് ഫണ്ട്. 2420/-)

ബിൽ നം. : 190/2016-17 തീയതി. 31.3.2017 -1,45,000/-

ചെക്ക് നം. : 455419 (വൌച്ചർ നം.21601056)തീ.31.3.2017 -2420/-

ലാപ് ടോപ്പ് വാങ്ങുന്നതിനുവേണ്ടി 22.2.2017- ൽ നമ്പർ എ1-1811/17 പ്രകാരം ടെൻഡർ പരസ്യം നൽകിയതിൽ 3 സ്ഥാപനങ്ങൾ ടെൻഡർ സമർപ്പിച്ചു. 1.3.2017 ൽ ടെൻഡർ തുറന്നു പരിശോധിച്ചതിൽ ഓരോ സ്ഥാപനവും ഒരു Acer ലാപ് ടോപ്പിനുള്ള വിലയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഒരു യൂണിറ്റിന്റെ വില |
|---|---|---|
| 1 | ഈയോൺ ഡിജിടെക്ക് എളമക്കര | 24980/- |
| 2 | ആൽഫനെറ്റ് സിസ്റ്റം ചേർത്തല | 23400/- |
| 3 | സ്മാർട്ട് ടെക്നോളജീസ് | 20890/- |

കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്മാർട്ട് ടെക്നോളജീസ് എന്ന സ്ഥാപനത്തെ പരിഗണിക്കാതെ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ഈയോൺ ഡിജിടെക്ക് എന്ന സ്ഥാപനത്തെ പരിഗണിക്കുകയും സപ്ളൈ ഓഡർ നൽകുകയും ചെയ്തു. എന്നാൽ സ്ഥാപനം കമ്പ്യൂട്ടർ വിതരണം ചെയ്യാത്ത സാഹചര്യത്തിൽ ആൽഫനെറ്റ് സിസ്റ്റം, ചേർത്തല എന്ന സ്ഥാപനത്തിൽ നിന്നാണ് 6 കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുള്ളത്. 1,47,420/-രൂപ ആൽഫനെറ്റ് സിസ്റ്റത്തിന് നൽകിയിട്ടുണ്ട്. (23400 x 6 = 1,40,400 + (VAT) 7020/- = 1,47,420/-) ടെണ്ടർ പരസ്യത്തിൽ പറഞ്ഞിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചുള്ള ടെണ്ടറുകളാണ് 3 സ്ഥാപനങ്ങളും നൽകിയിരുന്നത്. ആയതിനാൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെൻഡറാണ് തെരഞ്ഞെടുക്കേണ്ടിയിരുന്നത്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്മാർട്ട് ടെക്നോളജീസ് എന്ന സ്ഥാപനത്തെ പരിഗണിക്കാതെ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത ആൽഫനെറ്റ് സിസ്റ്റം, ചേർത്തല എന്ന സ്ഥാപനത്തെ പരിഗണിച്ചതുവഴി 15246/- (147420-132174) രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഉയർന്ന നിരക്ക് പരിഗണിക്കുവാനുണ്ടായ സാഹചര്യം വിശദീകരിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മികച്ചതും ഗുണമേന്മയേറിയതുമായ കമ്പ്യൂട്ടർ വിദ്യാർത്ഥികൾക്ക് വാങ്ങി നൽകണമെന്നുള്ളതിനാലും പഞ്ചായത്ത് കമ്മറ്റിയുടെ ഐകകണ്ഠേനയുള്ള (10.3.2017ലെ 1-ാം നമ്പർ) തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് ഉയർന്ന നിരക്ക് പരിഗണിച്ചിട്ടുള്ളതാണെന്നാണ് മറുപടി

നൽകിയിട്ടുള്ളത്. ഗുണമേന്മയേറിയതും താരതമ്യേന വില കുറഞ്ഞതുമായ വസ്തുക്കൾ ലഭ്യമാക്കുന്നതിനാണ് ടെണ്ടർ ക്ഷണിക്കുന്നത് എന്നതിനാലും മൂന്ന് സ്ഥാപനങ്ങളും Acer കമ്പ്യൂട്ടറിന്റെ വിലയാണ് ടെൻഡറിൽ രേഖപ്പെടുത്തിയത് എന്നതിനാലും പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. ഉയർന്ന നിരക്ക് പരിഗണിച്ചതുമൂലമുള്ള നഷ്ടം 15246/- രൂപ 10.03.2017 – ലെ കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-6 ആരോഗ്യസ്ഥാപനങ്ങൾക്ക് മരുന്നുകൾ ലഭ്യമാകാത്തത് -സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിലായി മരുന്നുവാങ്ങുന്നതിനായി ഹോംകോ, ആലപ്പുഴ, ഔഷധി, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എന്നീ സ്ഥാപനങ്ങൾക്ക് അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായി നാളിതുവരെയായി സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല. തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | സ്ഥാപനം | ഇൻവോയ്സ് നം. & തിയതി | തുക | ബിൽ നമ്പർ, തീയതി. |
|---|---|---|---|---|---|
| 1 | ഹോമിയോ ആശുപത്രിക്ക് മരുന്ന് | ഹോംകോ ആലപ്പുഴ | PF-342, തീയതി- 2/11/16 | 4,00,000 | 01/16-17, 21.02.2017 |
| 2 | പാലിയേറ്റീവ് കെയർ | ഹോംകോ ആലപ്പുഴ | PF-1410, തീയതി- 16/03/17 | 50,000 | 02/16-17 |
| 3 | | ഔഷധി | PF-1872, തീയതി- 16/03/17 | 50,000 | 03/16-17, c/o 31.03.2017 |
| 4 | | കാരുണ്യ ഫാർമസി | PF-4441, തീയതി- 29/03/17 | 62,471 | 03/16-17, C/o 31.03.2017 |
| 5 | വൃദ്ധജനപരിപാലനം | ഹോംകോ ആലപ്പുഴ | PF-1457, തീയതി- 29/03/17 | 50,000 | 5/16-17, 31.03.2017 |
| | ആകെ | | | 6,12,471 | |

ഇതിൽ കാരുണ്യഫാർമസി നൽകിയ 13403/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. മേൽ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. കാരുണ്യ ഫാർമസിക്ക് നൽകിയ സപ്ലൈ ഓർഡറിൽ സ്ഥാപനം നൽകിയ പ്രഫോർമ ഇൻവോയ്സിലെ ട്രാൻസ്പോർട്ടേഷൻ ഇനത്തിലുള്ള തുക 1224/- ന് പകരം 3700/- രൂപയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് ക്രമപ്പെടുത്തേണ്ടതാണ്. അസംസ്കൃത വസ്തുക്കളുടെ ദൌർലഭ്യം മൂലമാണ് മരുന്നുവിതരണം നടത്താത്തത് എന്ന് ഔഷധി അറിയിച്ചിട്ടുണ്ട്. ആരോഗ്യസ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പും രോഗികൾക്ക് മെച്ചപ്പെട്ട ചികിൽസയും ഉറപ്പുവരുത്തുന്നവിധം അഡ്വാൻസ് നല്കിയതിൽ ലഭിക്കാനുള്ള 599068/- രൂപയുടെ തുകയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 ആയുർവേദാശുപത്രിക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

ആയുർവേദാശുപത്രിയിലേക്ക് മരുന്നു വാങ്ങുന്നതിനായി താഴെ പറയും പ്രകാരം 400000/- രൂപ ഔഷധിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല എന്നു കാണുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | മുൻകൂർ നൽകിയ തുക ബിൽ നം/തീയതി | ഇൻവോയ്സ് പ്രകാരമുള്ള മരുന്നിന്റെ വില ഇൻവോയ്സ് നം. | സ്റ്റോക്കിൽ എടുക്കാത്ത മരുന്നുകളുടെ വില | ലഭിച്ച മരുന്നുകളുടെ വില | ലഭിക്കാനുള്ള മരുന്നുകളുടെ വില |
|---|---|---|---|---|---|---|
| 1 | S0020/17 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ | 100000/- 48/16-17/ 24.01.2017 | 64302/- 1809/ 31.01.17 90021942/ 19.06.17 | - | 64302 | 35698 |
| 2 | S0126/17 മണപ്പുറം ആയുർവേദ ആശുപത്രിസബ്സെന്റർ മരുന്നു വാങ്ങൽ | 300000/- 65/16-17/ 17.03.17 | 99072/- 2548/ 25.03.17 | 12558/- | 86514 | 213486 |
| | | | | | | 249184 |

ഇൻവോയ്സിലെ ക്രമനം. 4 Musalikadhiradi Kashayam 200ml 102 എണ്ണം (@ 49/-,4998/-), ക്രമ നം.10, Eladigana Choornam 500gm 20 എണ്ണം (@378, 7560/-) സ്റ്റോക്കിൽ ചേർത്തിട്ടില്ല. ഇൻവോയ്സിൽ ഈ മരുന്നുകൾ ലഭിച്ചിട്ടില്ല എന്ന് കാണിച്ചിട്ടുണ്ട്. 249184/- രൂപയുടെ മരുന്നുകൾ ലഭിക്കാത്തത് സംബന്ധിച്ച് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് 26.07.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 2 – ന് അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം മരുന്നു നിർമ്മാണത്തേയും വിതരണത്തേയും പ്രതികൂലമായി ബാധിച്ചു എന്നും മരുന്നു വിതരണം യഥാസമയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള ഔഷധിയുടെ മറുപടി മെഡിക്കൽ ഓഫീസർ ഹാജരാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭിക്കാത്ത സാഹചര്യത്തിൽ 249184/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 പൂച്ചാക്കൽ പുതിയ മാർക്കറ്റ് നിർമ്മാണം (S0076/17) – കുഴിച്ചെടുത്ത മണ്ണിന്റെ അളവ് കുറവ് ചെയ്തിട്ടില്ല.

2005-16 വർഷം ആവിഷ്കരിച്ച പൂച്ചാക്കൽ പുതിയ മാർക്കറ്റ് നിർമ്മാണം എന്ന പ്രവൃത്തിയിൽ ലോക ബാങ്ക് ധനസഹായം 393124/- രൂപയും തനതുഫണ്ട് 5106876/- രൂപയും ഉൾപ്പെടെ ആകെ 5500000/- രൂപയാണ് വകയിരുത്തിയിരുന്നത്. പ്രസ്തുത പ്രവൃത്തിയിൽ, കുഴിച്ചെടുത്ത മണ്ണിന്റെ അളവ് ഫില്ലിംഗിന്റെ അളവിൽ നിന്നും കുറവ് ചെയ്തിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരം കുഴിച്ചെടുത്ത മണ്ണിന്റെ 60% ഫില്ലിംഗ് അളവിൽ നിന്നും കുറവാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

_കുഴിച്ചെടുത്ത മണ്ണിന്റെ അളവ്_

| ഇനം | അളവ് | അളവ് പുസ്തകം | നൽകിയ തുക | അളവ് പുസ്തകം |
|---|---|---|---|---|
| Appendix C 38 | 35.57 $m^3$<br>4.61 $m^3$,<br>1.64 $m^3$ | 169/14-15,<br>പേജ് 1-2, 11, 46 | 41.82$m^3$ @ 204.55/$m^3$ =<br>8554.28 | 168/14-15, പേജ് 19 |
| Appendix A 1 | 35.91 $m^3$<br>0.72 $m^3$ | 169/14-15,<br>പേജ് 20-21,50 | 36.63 m3 @ 204.55/$m^3$=<br>7492.66 | 168/14-15, പേജ് 1 |
| Appendix B 20 | 46.68 $m^3$,<br>0.72 $m^3$ | 169/14-15,<br>പേജ് 21-22, 50-51 | 47.4 @ 204.55/$m^3$=<br>9695.67 | 168/14-15, പേജ് 8 |
| ആകെ | 125.85$m^3$ | | | |

_ഫില്ലിംഗിന്റെ വിവരം_

| | | | |
|---|---|---|---|
| Appendix C 49 | 122.64$m^3$ | 122.64 $m^3$ Ltd to 96 $m^3$ @ 925.55/ $m^3$ =<br>88852.80 | 168/14-15 പേജ് 28 |
| Appendix A 7 | 35.96 $m^3$ | 35.96 $m^3$ Ltd to 35$m^3$@925.55$m^3$ = 32394.25 | പേജ് 5 |
| Appendix B 34 | 28.27 m3 | 28.27$m^3$ @ 925.55/$m^3$=26165.29 | പേജ് 18 |
| ആകെ | | 159.27 $m^3$ | |

അളവുപുസ്തകങ്ങളിൽ കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം സംബന്ധിച്ച് സർട്ടിഫിക്കറ്റ് എഴുതിയിട്ടില്ല. കുഴിച്ചെടുത്ത മണ്ണിന്റെ അളവ് 125.85 $m^3$ -ന്റെ 60 %, 75.51 $m^3$ ഫില്ലിഗ് അളവിൽ നിന്നും കുറവ് വരുത്തി കരാറുകാരന് തുക അനുവദിക്കേണ്ടിയിരുന്നു. ഈ വിഷയത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് 31.07.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 20-ന് പ്രവൃത്തിക്കുവേണ്ടി മണ്ണ് നീക്കം ചെയ്യുമ്പോൾ മുകളിൽ ചെറിയ കനത്തിൽ മാത്രമേ സാധാരണ മണ്ണ് ഉണ്ടായിരുന്നുള്ളൂ എന്നും ബാക്കി ഭാഗം ചെളിയായിരുന്നു എന്നും ഇങ്ങനെ മണ്ണ് നീക്കം ചെയ്തപ്പോൾ ചെളിയാണെന്നു കണ്ടതിനെത്തുടർന്ന് ഇതുകൂടി പരിഗണിച്ചാണ് ഫൗണ്ടേഷൻ ഡിസൈൻ ചെയ്തതെന്നും മറുപടി നൽകിയിട്ടുണ്ട്. മാത്രമല്ല, കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് യോഗ്യമല്ലായിരുന്നെന്നും അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ടിനോടൊപ്പം തയ്യാറാക്കി അംഗീകാരം വാങ്ങിയ റിവൈസ്ഡ് എസ്റ്റിമേറ്റിൽ കുഴിച്ചെടുത്ത മണ്ണിന്റെ 60% ഫില്ലിംഗ് അളവിൽ നിന്നും കുറവാക്കിയിട്ടുള്ളതിനാലും അളവുപുസ്തകത്തിൽ കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാലും ഈ മറുപടി അംഗീകരിക്കുന്നില്ല. 69811 രൂപ (75.51 $m^3$X925.55/$m^3$ = 69888/- ടെൻഡർ ഡിഡക്ഷൻ 0.11% കുറവ് - 69811/-) കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ

ഈടാക്കേണ്ടതാണ്.

*മറ്റ് വിവരങ്ങൾ*

പ്രോജക്ട് നം. : S0076/17

അളവ് പുസ്തകം നം.: 168/14-15, 169/14-15, 176/14-15

കരാറുകാരൻ : ശ്രീ. എം. ഇ. അബ്ദു സലാം

ചെലവ് : ബിൽ നം. 17/15-16, തീയതി. 20.02.2016, 3070624/-

ഡി.ഡി. നം. : 502232/11.03.2016, 1262589/-

ഡി.ഡി.നം. : 504127/05.01.2017, 1183114/-

## 3-9 ഇ.എം.എസ് ലോൺ തിരിച്ചടവ്

പ്രോജക്ട് നം. :- S0120/2017

ബിൽ നം. :- 16 /16-17, Rs.354820/- തീയതി- 10.03.2017

പഞ്ചായത്തിലെ ഇ.എം.എസ് ഭവനപദ്ധതിക്കായി തൈക്കാട്ടുശ്ശേരിയിലെ 275, 326 നമ്പർ സഹകരണ ബാങ്കുകളിൽ നിന്നാണ് പഞ്ചായത്ത് ഭവനവായ്പ എടുത്തിട്ടുള്ളത്. വായ്പാതുകയുടെ മുതൽ പഞ്ചായത്തും 10% നിരക്കിലുള്ള പലിശ സംസ്ഥാന സർക്കാരുമാണ് അടക്കുന്നത്. 10% ത്തിലുമധികമുള്ള പലിശയുടെ ബാധ്യത അതാത് ഗ്രാമപഞ്ചായത്തുകൾക്കാണ്. ഗ്രാമപഞ്ചായത്തിലെ 120/17 നമ്പർ പദ്ധതി പ്രകാരം 2016-17 ൽ വികസന ഫണ്ടിൽ നിന്നും 354820/- രൂപ ഇ.എം.എസ് ഭവനപദ്ധതി വായ്പാ തിരിച്ചടവിനായി വകയിരുത്തിയിരുന്നു. ഈ സംഖ്യ ബിൽ നമ്പർ 16/16-17 പ്രകാരം 10/03/2017 ൽ അക്കൌണ്ട് ട്രാൻസ്ഫറായി ട്രഷറിയിൽ നിന്നും മാറിയതായാണ് രേഖകളുള്ളത്. എന്നാൽ ലോൺ നൽകിയ തൈക്കാട്ടുശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ (നം - 326) തുക വരവ് വച്ചിരിക്കുന്നത് 27/03/2017 ൽ മാത്രമാണ്. NEFT/RTGS ട്രാൻസ്ഫറുകൾ മണിക്കൂറുകൾക്കകം നടക്കുന്ന സാഹചര്യത്തിൽ 10.03.17 ൽ ട്രഷറിയിൽ നിന്ന് ട്രാൻസ്ഫർ ചെയ്ത പണം 17 ദിവസങ്ങൾക്ക് ശേഷം 27/03/2017 ൽ മാത്രം വായ്പയിൽ വരവ് വയ്ക്കപ്പെട്ടത് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 തൈക്കാട്ടുശ്ശേരി NRHM ഹോമിയോ ആശുപത്രിയിൽ 2 അറ്റൻഡർ തസ്തികകളിൽ ദിവസവേതനം നൽകി വരുന്നു.

എൻ. ആർ. എച്ച്. എം സ്കീമിൽ ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ച ഹോമിയോ/ സിദ്ധ യൂനാനി ആശുപത്രികളിൽ ദിവസവേതനാടിസ്ഥാനത്തിൽ ഫാർമസിസ്റ്റ്/ അറ്റൻഡർ/ പാർട്ടൈം സ്വീപ്പർ തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് ഗ്രാമപഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും വേതനം വിതരണം നടത്തുന്നതിന് സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇത് പ്രകാരം ഈ തസ്തികകളിൽ ഗ്രാമപഞ്ചായത്തിന് താത്കാലികാടിസ്ഥാനത്തിൽ നിയമനം നടത്താവുന്നതാണ്. തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് വൌച്ചറുകൾ പരിശോധിച്ചതിൽ ഒരു അറ്റൻഡർക്കു പുറമെ ചീട്ടെഴുത്തിനായി ഒരാളെ നിയമിച്ച് അറ്റൻഡർക്ക് നൽകുന്ന അതേ നിരക്കിൽ (2016-17 ൽ പ്രതിദിനം 600/- രൂപ നിരക്കിൽ) വേതനം നൽകിവരുന്നുണ്ട്. ഫാർമസിസ്റ്റ് ( N.C.P യോഗ്യത) / അറ്റൻഡർ / പാർട്ടൈം സ്വീപ്പർ എന്ന തസ്തികകളാണ് എൻ.ആർ.എച്ച്.എം. സ്കീമിൽ ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ച ആശുപത്രികളിൽ സർക്കാർ അംഗീകരിച്ചിട്ടുള്ളത്. സർക്കാർ ആശുപത്രികൾ, NRHM ആശുപത്രികൾ എന്നിവിടങ്ങളിലെല്ലാം ഫാർമസിസ്റ്റ് / അറ്റൻഡർ / പാർട്ടൈം സ്വീപ്പർ എന്ന തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരാണ് രോഗികളുടെ ചീട്ടെഴുതുന്ന ജോലിയും ചെയ്തു വരുന്നത്. ദിവസവേതനം സംബന്ധിച്ച സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ ചീട്ടെഴുത്ത് എന്ന വിഭാഗത്തിൽ

തസ്തികകളൊന്നും നിലവിലില്ല. സർക്കാർ മേഖലയിലെ ഹോമിയോ, ആയുർവേദ ആശുപത്രികളിലും ഫാർമസിസ്റ്റ് / അറ്റൻഡർ / പാർട്ടൈം സ്വീപ്പർ തസ്തികകളാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളത്. ഹോമിയോ ആശുപത്രിയിലെ രോഗികളുടെ എണ്ണം കൂടുതലായതിനാലാണ് നിയമനം നടത്തിയതെന്നാണ് പഞ്ചായത്ത് അറിയിച്ചത്. ആശുപത്രിയിലെ രോഗികൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനത്തിനായി സർക്കാർ അംഗീകരിച്ചിട്ടുള്ള തസ്തികകളായ ഫാർമസിസ്റ്റിനെയോ (നിശ്ചിത യോഗ്യതയുള്ളവരെ) പാർട്ടൈം സ്വീപ്പറെയോ നിയമിക്കുന്നതിന് പകരം 59 ദിവസത്തേക്ക് താത്കാലികമായി നിയോഗിച്ചയാളുൾപ്പടെ ഉത്തരവുകൾക്കനുസൃതമല്ലാതെ രണ്ട് പേർക്ക് ഒരേ സമയം അറ്റൻഡർ തസ്തികയിൽ വേതനം നൽകി വരുന്നത് ക്രമപ്രകാരമല്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-11 തനത്ഫണ്ട് ചെലവുകൾ - തുക ചെലവഴിച്ചതിന് രേഖകളില്ല

ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് വൌച്ചറുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ചെലവുകൾ നടത്തിയതായി രേഖയുണ്ടെങ്കിലും ഇതിനാധാരമായ ബില്ലുകളോ വൌച്ചറുകളോ ഫയലിൽ ലഭ്യമല്ല. ഈ ചെലവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1. 2016 ആഗസ്റ്റ് മാസത്തെ 21600341 നമ്പർ വൌച്ചർ (ചെക്ക് നം- 364234, തിയതി- 18/08/2016) പ്രകാരം കംപ്യൂട്ടർ റിപ്പയറിനായി 4043/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുകയുടെ ചെലവുരേഖകളില്ല.
2. 2016 ഏപ്രിൽ മാസത്തെ 21600001 നമ്പർ വൌച്ചർ (ചെക്ക് നം-323729, തിയതി- 01/04/2016) പ്രകാരം ജില്ലാ സ്കൂൾ കലോൽസവത്തിനായി 3000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ തുകയുടെ ചെലവുരേഖകൾ ഹാജരാക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ 7043/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 സേവനനികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന പ്രവൃത്തികളുടെ മൂല്യത്തിൽ നിന്നും സേവനനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തി | കരാറുകാരൻ/ കരാർ തീയതി | പ്രവൃത്തി മൂല്യം | സേവന നികുതി ഒടുക്കേണ്ടത് |
|---|---|---|---|---|
| 1 | പൂച്ചാക്കൽ പുതിയ മാർക്കറ്റ് നിർമ്മാണം പ്രോജക്ട് നം.S0076/17 | ശ്രീ. അബ്ദു സലാം, മുരിക്കേലിൽ ഹൗസ്, പാണാവള്ളി 18.08.2015 | 5130866 | 307852/- (6%) |
| 2 | കൃഷി ഭവൻ അറ്റകുറ്റപ്പണി പ്രോജക്ട് നം. S0054/17 | രാഘവേന്ദ്ര ഷേണായി.കെ.ജി. കൊച്ചുമഠം, തുറവൂർ 12.01.2017 | 287530 | 30191/- (10.5%) |
| 3 | തുകലുകുത്തുംകടവ് ഫിഷ് ലാന്റിംഗ് സെന്റർ കെട്ടിടം (പ്രോജക്ട് നം. S0051/17) | രാഘവേന്ദ്ര ഷേണായി.കെ.ജി. കൊച്ചുമഠം, തുറവൂർ 12.01.2017 | 130404 | 7824/- (6%) |
| 4 | ഫിഷറീസ് ഓഫീസിന് | രാഘവേന്ദ്ര ഷേണായി.കെ.ജി. | 196242 | 20605/- |

| | | | | |
|---|---|---|---|---|
| | അധിക സൗകര്യം (S0049/17) | കൊച്ചുമഠം, ഉറവൂർ 12.01.2017 | | (10.50%) |
| | ആകെ | | | 366472/- |

സേവന നികുതി കരാറുകാരനും, സ്ഥാപനവും തുല്യമായി ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-13 വിവിധ പ്രോജക്ടുകൾ -തുക നൽകിയതിന്റെയും, വിനിയോഗത്തിന്റെയും വിവരങ്ങളില്ല

പഞ്ചായത്തിലെ 2016-17 സാമ്പത്തിക വർഷത്തെ താഴെപ്പറയുന്ന പദ്ധതികൾക്കായി ട്രഷറിയിൽ നിന്നും തുക പിൻവലിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ബിൽ തുക |
|---|---|---|
| 1 | തെരുവ് വിളക്ക് സൂപ്പർവിഷൻ ചാർജ് (പ്രോ. നം. 100/17) | 30,000/- |
| 2 | തെരുവ് നായ നിയന്ത്രണം - ജില്ലാ പഞ്ചായത്ത് വിഹിതം (96/17) | 2,00,000/- (ബിൽ നം. 9/16, തീയതി. 31.10.2016) |
| 3 | ഐ.കെ.എം. വിഹിതം (പി.135/17) | 45,133/- (ബിൽ നം. 19/16-17, തീയതി. 21.03.2017) |

ഈ തുകകൾ നൽകിയതിന്റെയും തുക കൈപ്പറ്റിയതിന്റെയും വിശദാംശങ്ങൾ, തുകയുടെ വിനിയോഗ വിവരങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ഇതു സംബന്ധിച്ച് കത്തുനൽകിയതായും രേഖകൾ ഉടൻ ലഭ്യമാക്കാമെന്നും പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതികൾ തയ്യാറാക്കി തുക ചെലവഴിക്കുക മാത്രം ചെയ്യാതെ പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പുവരുത്തുന്ന വിധം മോണിറ്ററിംഗ് കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 സാക്ഷരത തുല്യത പഠനം - കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥ : ഹെഡ്മിസ്ട്രസ്

പ്രോജക്ട് നം. : S0047/17

അടങ്കൽ : 1,00,000/-

ചെലവ് : 96000/-

2015-16 കാലയളവിൽ പത്താംതരം തുല്യത പഠനത്തിന് 26 പഠിതാക്കളുടെ ഫീസിനത്തിൽ 52000/- രൂപ തനത് ഫണ്ടിൽ നിന്ന് ജില്ല സാക്ഷരത മിഷന് നൽകിയത് ഈ വർഷം 24/3/2017ലെ ബിൽ നം. 4/2016-17 പ്രകാരം റീക്കുപ്പ് ചെയ്തിട്ടുണ്ട്. കൂടാതെ 2016-17ൽ 22 പഠിതാക്കളുടെ ഫീസിനത്തിൽ 44,000/- രൂപ 21/3/2017 ലെ 3/2016-17-ാം നമ്പർ ബിൽ പ്രകാരം മാറി ജില്ലാ സാക്ഷരതാ മിഷന് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രസീത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, പ്രേരക് മാരോട് രസീത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭ്യമായാൽ ഉടൻ ഓഡിറ്റിൽ ഹാജരാക്കാമെന്നും മറുപടി നൽകിയിട്ടുണ്ട്. കൈപ്പറ്റ് രസീതിന്റെ അഭാവത്തിൽ

പഠിതാക്കളുടെ ഫീസിനും പുസ്തകത്തിനുമായി നൽകിയ 44000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-15 സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ (പട്ടികവർഗ്ഗം) - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രോജക്റ്റ് നം. : 62/16-17

അടങ്കൽ : 2,15,000/- (TSP – 107901, ധനകാര്യ കമ്മീഷൻ സഹായം : 107099)

ചെലവ് : 2,15,000/-

1) ബിൽ നം. 62/2016-17, തീയതി – 3.3.17 12000/-

2) ബിൽ നം. 73/2016-17, തീയതി –7.3.17 6000/-

3) ബിൽ നം. 107/2016-17, തീയതി –17.3.17 12000/-

4) ബിൽ നം. 164/2016-17, തീയതി – 30.3.17 77901/-

5) ബിൽ നം. 165/16-17, തീയതി – 30.3.17 107099

ക്രമ നം. 1, 2, 3 ബില്ലുകൾ പ്രകാരം കുടിവെള്ള കണക്ഷൻ എടുത്തതിന് 5 പേർക്ക് 6000/- രൂപ വീതം റ്റി.എസ്.പി ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. ബാക്കി തുകയായ 77901/- രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റായ 1,07,099/- രൂപയും ഉൾപ്പെടെ 1,85,000/-രൂപ പട്ടികവർഗ്ഗവിഭാഗങ്ങൾക്കുള്ള സമ്പൂർണ്ണ കുടിവെള്ള കണക്ഷനുവേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനിയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, ആലപ്പുഴയുടെ SBT അക്കൗണ്ട് നമ്പരായ 57019277517 ൽ അടച്ചിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ 1,85,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കൂടാതെ 2012-13 കാലയളവിൽ കുടിവെള്ള പൈപ്പ് നീട്ടലിനുവേണ്ടി (പട്ടികജാതി)കേരള വാട്ടർ അതോറിറ്റിയിൽ 8,60,000/-രൂപ അടച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗരേഖ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ 741220/-രൂപയുടെ ഡെപ്പോസിറ്റ് വർക്കിന്റെ വിനിയോഗസാക്ഷ്യപത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഈ തുക 8,60,000/-രൂപയിൽ ഉൾപ്പെട്ടതാണോ എന്നത് സംബന്ധിച്ച് പഞ്ചായത്തിന് വ്യക്തതയില്ല. 741220/-രൂപയിൽ 389057/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം KWA ലഭ്യമാക്കുകയും ബാക്കി തുകയായ 352163/-രൂപ പഞ്ചായത്തിലേക്ക് തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക തനതുഫണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. തുകയുടെ വിനിയോഗത്തെ കുറിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 3-16 ആശ്രയ പദ്ധതി

പ്രോജക്റ്റ് നം. : 66/16-17

അടങ്കൽ : 36,00,000/-
(ധനകാര്യകമ്മീഷൻ ഗ്രാന്റ് . 6,00,000/-, ജില്ലാ പഞ്ചായത്ത് വിഹിതം. 30,00,000/-)

ചെലവ് : 6,00,000/-

9.3.2017ലെ 56/2016-17-ാം നമ്പർ ബിൽ പ്രകാരം 5,00,000/- രൂപയും 13.3.2017 ലെ 95/2016-17-ാം നമ്പർ ബിൽ പ്രകാരം 1,00,000/-രൂപയുമുൾപ്പെടെ 6,00,000/-രൂപ കുടുംബശ്രീ CDS മെമ്പർ

സെക്രട്ടറിയുടെ 67057578295-ാം നമ്പർ SBI അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. CDS ന്റെ പാസ് ബുക്ക് പരിശോധിച്ചതിൽ 31.3.2017ൽ 15,21,546/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. ആയത് അഗതി ആശ്രയ ഗുണഭോക്താക്കൾക്ക് പ്രയോജനപ്രദമായ രീതിയിൽ വിനിയോഗിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 പി.എം.എ.വൈ (പട്ടികജാതി) വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്റ്റ് നം. : 104/16-17

അടങ്കൽ : 15,00,000/- ( SCP – 570731/- , തനത് ഫണ്ട്. 9,29,269/-)

ചെലവ് : 15,00,000/-

ബിൽ നം. : 61/2016-17, തീയതി – 9.3.17

പി.എം.എ.വൈ വിഹിതമായി 5,70,731/- രൂപ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 799011400000881-ാം നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇതു കൂടാതെ 9,29,269/- രൂപ 3.3.2017ലെ ട്രഷറി ചെക്ക് നം. 9373002 പ്രകാരവും നൽകിയിട്ടുണ്ട്. തുകകളുടെ കൈപ്പറ്റും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ രേഖകൾ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് വാങ്ങി ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 1500000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-18 ഒ.ഡി.എഫ്

വ്യക്തിഗത സാനിട്ടറി കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും ടോയ് ലറ്റ് നിർമ്മിച്ച് നൽകുന്നതിനായി ഒ.ഡി.എഫ്. ക്യാമ്പയിൻ തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 15400/- രൂപ വീതം പദ്ധതിയിൽ വകയിരുത്തിയിരുന്നു. ഇതിൽ 12000/- രൂപ സ്വച്ഛ് ഭാരത് മിഷൻ വിഹിതവും, 3400/- രൂപ ഗ്രാമപഞ്ചായത്ത് വിഹിതവുമാണ്. സ്വച്ഛ് ഭാരത് മിഷൻ ഫണ്ട് ലഭ്യമാകാൻ വൈകുന്ന പക്ഷം വികസന ഫണ്ട്/തനത് ഫണ്ട് വകയിരുത്തുന്നതിനും അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് 15400/- രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തിയാണ് പ്രോജക്റ്റ് നടപ്പിലാക്കിയത്.

പദ്ധതിയിൽ ഉൾപ്പെടുത്തി 313 ടോയ് ലറ്റുകൾ പൂർത്തീകരിച്ചതിന്റെ സ്വച്ഛ് ഭാരത് മിഷൻ ഫണ്ട് 3756000/- (313 x 12000) രൂപ തിരികെ ലഭിക്കേണ്ടിയിരുന്നു. ഇതിൽ 3135400/- രൂപ നാല് ഗഡുക്കളായി തിരികെ ലഭിച്ചിട്ടുണ്ട്. 620600/- രൂപ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു. തിരികെ ലഭിച്ച തുക അനിവാര്യ പ്രോജക്ടുകൾ, എടുത്ത ശേഷം ശുചിത്വ പ്രോജക്ടുകൾക്ക് വിനിയോഗിക്കുന്നതിന് 28.12.2016 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോർഡിനേഷൻ കമ്മറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തിരികെ ലഭിച്ച രൂപ വകയിരുത്തി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. വാർഷിക കണക്കുകളുടെ പരിശോധന

സ്ഥാപനത്തിന്റെ 2016-17 ലെ വാർഷിക കണക്കുകൾ പരിശോധിച്ച വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

എ) റെസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്

2016-17 ലെ വരവ് ചെലവ് സംക്ഷിപ്തം

| | |
|---|---|
| മുന്നിരിപ്പ് | 7523354 |
| വരവ് | 42534087 |
| ആകെ | 50057441 |
| ചെലവ് | 38570304 |
| നീക്കിയിരിപ്പ് | 11487137 |

നീക്കിയിരിപ്പ് പാസ്സുബുക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ട്.

*കണ്ടെത്തിയ പ്രധാന അപാകങ്ങൾ*

1. പഞ്ചായത്തിന്റെ പ്ലാൻഫണ്ട് (ജനറൽ) ചെലവുകളിൽ 2 പദ്ധതികളിലെ ഒരോ ബിൽ തുക ഉൾപ്പെടുത്തിയിട്ടില്ല. സാംഖ്യ, സുലേഖ എന്നിവയിലെ സിംക്രണൈസേഷൻ നടത്തിയതിലെ അപാകങ്ങൾ മൂലം പ്ലാൻ ഫണ്ട് (ജനറൽ) ചെലവിൽ വ്യത്യാസങ്ങൾ ഉണ്ടായതെന്ന് അക്കൌണ്ടന്റ് വിശദീകരിച്ചത് കൃഷി ഓഫീസർ, സെക്രട്ടറി എന്നിവരുടെ ഓരോ പദ്ധതികളിലെ, ഓരോ ബില്ലുകൾ ജനറൽ ചെലവുകളിൽ വന്നിട്ടില്ല. എന്നാൽ ACR പ്രകാരം ചെലവ് കൃത്യമാണ്.
2. സ്റ്റേറ്റ് ബാങ്കിന്റെ സാക്ഷരത അക്കൌണ്ടിലെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque deposited, but not collected ശീർഷകത്തിൽ 19.08.2016 ലെ 91,000/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്ന് മാസ കാലാവധി കഴിഞ്ഞ ഈ തുകയുടെ വിശദാംശങ്ങളോ, റീ വാലിഡേഷൻ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളോ ലഭ്യമല്ല.
3. ജില്ലാ സഹകരണ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് എന്നിവിടങ്ങളിലായി രണ്ട് തനത് ഫണ്ട് അക്കൗണ്ടുകൾ സൂക്ഷിക്കുന്നുണ്ട്. ജില്ലാ സഹകരണ ബാങ്കിലെ അക്കൌണ്ട് മിനിമം ബാലൻസ് സൂക്ഷിക്കാത്തതിനാൽ തുടർച്ചയായി ഇൻ ഓപ്പറേറ്റീവ് ചാർജ് ഈടാക്കിവരുന്നുണ്ട്.

ബി) ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്

പഞ്ചായത്തിന്റെ 2016-17 ലെ ആദായ-വ്യയങ്ങളുടെ സംക്ഷിപ്തം

| | |
|---|---|
| ആകെ ആദായം | 8,76,24,500 |
| (-) ആകെ വ്യയം | 8,99,45,514 |
| | (-) 23,21,014 |
| (-) മുൻകാല ഇനം | 5,57,912 |
| ഡെഫിസിറ്റ് | 28,78,926 |

*പ്രധാന അപാകങ്ങൾ*

1. പ്രോപ്പർട്ടി ടാക്സ് സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങളും ഡി.സി.ബി പത്രികയിലെ വിവരങ്ങളും വാർഷിക ധനകാര്യപത്രികയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. വ്യാപാരികളുടെ തൊഴിൽ നികുതി, ഡി & ഓ ലൈസൻസ് ഫീസ് അഡ്വാൻസ് കളക്ഷൻ, ലേലം,വാടക എന്നിവയുടെ തൻവർഷ വരവ്, അഡ്വാൻസ് കളക്ഷൻ,കുടിശ്ശിക വിവരങ്ങൾ വാർഷിക കണക്കുകളും രജിസ്റ്ററുകളിലെ കണക്കുകളും പൊരുത്തപ്പെടുന്നില്ല.

സി) ബാലൻസ് ഷീറ്റ്

പഞ്ചായത്തിന്റെ 31/03/2017 ലെ ആസ്തി ബാധ്യതാവിവരങ്ങൾ

| | |
|---|---|
| ആകെ ആസ്തികൾ | 42891762 |
| റിസ്രവ്, ഇയർ മാർക്കഡ് ഫണ്ട് എന്നിവയടക്കമുള്ള ബാധ്യത | 24824699 |
| പഞ്ചായത്ത് ഫണ്ട് | 18067063 |

*പ്രധാന അപാകങ്ങൾ*

1. ബാലൻസ് ഷീറ്റിൽ ബി-16 ഷെഡ്യൂളിലുൾപ്പെടുത്തിയിട്ടുള്ള Prepaid Programme Expenses ശീർഷകത്തിലെ 42,43,035/- രൂപ സംബന്ധിച്ച വിവരങ്ങളൊന്നും പഞ്ചായത്തിൽ ലഭ്യമല്ല. ഈ തുകയുടെ ആധികാരിത ഉറപ്പാക്കിയിട്ടില്ല. യാതൊരു സ്കീമിലും ഉൾപ്പെടാത്ത ഈ തുക വർഷങ്ങളായി വാർഷിക ധനകാര്യപത്രികയിൽ തുടരുന്നത് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
2. രജിസ്റ്ററുകളും ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. 2011-12 ന ശേഷം ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. വിവിധ ശീർഷകങ്ങളിലെ ഡെപ്പോസിറ്റുകളുടെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല..ആയതിനാൽ വാർഷിക ധനകാര്യപത്രികയിലെ ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധിക്കാനാകുന്നില്ല.
3. ധനകാര്യപത്രികയിലെ ആസ്തി വിവരങ്ങളും സചിത്ര സോഫ്റ്റവെയറുമായി ബന്ധപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിലെ മുഴവൻ ആസ്തി വിവരങ്ങളും ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. തൻവർഷം വിവിധ പദ്ധതികളിലായി കെ.എസ്.ഇ.ബി , വാട്ടർ അതോറിറ്റി എന്നിവക്ക് നൽകിയ ഡെപ്പോസിറ്റ് വർക്കുകൾ സംബന്ധിച്ച വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ബി-8 ഷെഡ്യൂളിലെ നീക്കിയിരുപ്പ് പൂജ്യമായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷ പദ്ധതികൾക്കായി വാട്ടർ അതോറിറ്റിക്ക് 185000/- രൂപയും കെ.എസ്.ഇ.ബിക്ക് 200000/- രൂപയും ചെലവഴിച്ചിട്ടുണ്ടെങ്കിലും

ഇവ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

5. സ്റ്റേറ്റ് ബാങ്കിന്റെ ദുരിതാശ്വാസ നിധിയുടെ അക്കൗണ്ടിലെ പാസ്സ്ബുക്ക് പ്രകാരമുള്ള ബാലൻസ് 4524/- രൂപയായിരിക്കെ ധനകാര്യപത്രികയിലെ ഷെഡ്യൂൾ 40 (b) ൽ ബാലൻസ് 4173/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

6. കടത്ത് ലേല ഇനത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശികയായി 34325/- രൂപ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

7. 2012-13 സാമ്പത്തിക വർഷം എസ്.സി വിഭാഗം ജപ്പാൻ കുടിവെള്ള കണക്ഷൻ നൽകുന്നതിന് 860000/- രൂപ ഡെപ്പോസിറ്റായി വാട്ടർ അതോറിറ്റിക്ക് നൽകിയിരുന്നു. ഈ തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ തുക ബാലൻസ് ഷീറ്റിൽ ബി-8 ഷെഡ്യൂളിലെ ഉൾപ്പെടുത്തേണ്ടതാണ്.ആയത് ഉൾപ്പെടുത്തിയിട്ടില്ല.

## 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുകലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 194100 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | - | 194100 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 272000 | പാലിന് സബ്സിഡി | 220600 | 51400 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 130000 | ലൈൻ എക്സ്റ്റെൻഷൻ | - | 130000 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 125400 | 174600 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 48000 | വിവരങ്ങൾ ലഭ്യമാക്കിയില്ല | - | 48000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 96555 | വിവരങ്ങൾ ലഭ്യമാക്കിയില്ല | - | 96555 |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 21/16-17<br>29.03.2017 | 200000 | 200000 | - |
| കേരള വാട്ടർ അതോറിറ്റി | ജപ്പാൻ കുടിവെള്ള കണക്ഷൻ എസ്.സി/ എസ്.ടി | 164/16-17,<br>165/16-17,<br>30.03.2017 | 70901<br>107099 | - | 77901<br>107099 |

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | സ.ഉ. (സാധാ) നം. 90/2013/ ത.സ്വ.ഭ.വ, തീയതി – 14.03.2013 & 162/2013/ ത.സ്വ.ഭ.വ തീയതി – 26.04.2013 | 15603500 | 4244032 | 747882 | | 3496150 | |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 11670145 |
| തൻവർഷം ലഭിച്ച പലിശ | 1232766 |
| ആകെ | 12902911 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 12902911 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| FD No. 6715780416, എസ്.ബി.റ്റി, തൈക്കാട്ടുശ്ശേരി | 12902911 |

## 4-7. ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച 30902/- രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|
| 2011-12 | 3-9 | 3300 | ശ്രീ. ബാലചന്ദ്രൻ, സെക്രട്ടറി | 11601101151/ 15.07.2016 |
| 2014-15 | 3-1 | 1462 | ശ്രീ.ഒ.വി.മണിക്കുട്ടൻ, സീനിയർ ക്ലർക്ക് | 11601101152/ 15.07.2016 |
| | | 1021 | ശ്രീമതി. അനിത. എം. എസ്, ക്ലർക്ക് | 11601101172/ 16.07.2016 |
| | | 1618 | ശ്രീ. ജോസഫ് അലക്സാണ്ടർ, ഹെഡ് ക്ലർക്ക് | 11601101186/ 18.07.2016 |
| | | 1974 | ശ്രീ. ഇ. ക്ലീറ്റസ്, അസിസ്റ്റന്റ് സെക്രട്ടറി | 11601101528/ 25.08.2016 |
| | | 1742 | ശ്രീ. സന്തോഷ്, ഹെഡ് ക്ലർക്ക് | 11601101529/ 25.08.2016 |
| | | 1354 | ശ്രീമതി. രമ്യ രഞ്ജിത്ത്, സീനിയർ ക്ലർക്ക് | 11601101530/ 25.08.2016 |
| | | 1021 | ശ്രീമതി. ഉദയമ്മ. വി. ആർ, | 11601101531/ |

| | | | | |
|---|---|---|---|---|
| | | | ഓഫീസ് അറ്റന്റന്റ് | 25.08.2016 |
| | | 1048 | ശ്രീ. സുനന്ദൻ, ക്ലർക്ക് | 11601102094/ 17.10.2016 |
| | | 994 | കുമാരി. നിത്യ. പി. ചന്ദ്രൻ, ക്ലർക്ക് | 11601102112/ 20.10.2016 |
| 2014-15 | 3-2 | 200 | ശ്രീ. ഇ. ക്ലീറ്റസ്, അസിസ്റ്റന്റ് സെക്രട്ടറി | 11601101532/ 25.08.2016 |
| | | 150 | ശ്രീമതി.രമ്യ രഞ്ജിത്ത്, സീനിയർ ക്ലർക്ക് | 11601101533/ 25.08.2016 |
| | | 150 | ശ്രീ. സുനന്ദൻ, ക്ലർക്ക് | 11601101534/ 25.08.2016 |
| | | 150 | ശ്രീമതി. അനിത. എം. എസ്, ക്ലർക്ക് | 11601101535/ 25.08.2016 |
| | | 150 | ശ്രീ.റ്റി.പി. ഉദയകുമാർ, ലൈബ്രേറിയൻ | 11601101536/ 25.08.2016 |
| 2013-14 | 3-5 | 5476 | ശ്രീമതി. എം.കെ. ഗിരിജാദേവി, എൽ.പി.എസ്., ഉളവയ്പ്പ് | 11601101197/ 15.07.2016 |
| 2009-10 | 3-5 | 9092 | ശ്രീ.കെ.കെ. വേലായുധൻ, അസിസ്റ്റന്റ് എഞ്ചിനീയർ | 11601102386/ 22.11.2016 |
| ആകെ | | 30902 | | |

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2010-11,<br>2011-12 | 3-9 | 2014 | സൈക്കിൾ വിതരണം | തുക തിരികെ അടച്ചു |

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 50057441 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 38570304 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 31372 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 102987 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2909328 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-2 | 8750 | | ശ്രീമതി.വി.ലതികാദേവി, സെക്രട്ടറി |
| | 8750 | | ശ്രീ.വിപിനചന്ദ്രൻ.പി.എസ്, സെക്രട്ടറി |
| 2-4 | 9260 | | ശ്രീമതി.വി.ലതികാദേവി, സെക്രട്ടറി |
| | 1852 | | ശ്രീ.വിപിനചന്ദ്രൻ.പി.എസ്, സെക്രട്ടറി |
| 2-8 | 2760 | | ശ്രീ. റ്റി. സുഭാഷ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1 | | 2480 | ശ്രീമതി. വി. ലതികാദേവി, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-2 | | 10000 | ശ്രീ. വിപിനചന്ദ്രൻ. പി. എസ്, സെക്രട്ടറി |
| 3-4 | | 5450 | 1) ശ്രീ. വിപിനചന്ദ്രൻ.പി.എസ്, സെക്രട്ടറി<br>2) 10.03.2017 – ലെ പഞ്ചായത്ത് കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ. (പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്) |
| 3-5 | | 15246 | 1)ശ്രീ.വിപിനചന്ദ്രൻ.പി.എസ്, സെക്രട്ടറി<br>2) 10.03.2017 – ലെ പഞ്ചായത്ത് കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ. (പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്) |
| 3-8 | | 69811 | ശ്രീ. റ്റി. സുഭാഷ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 31372 | 102987 | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 49900 | ശ്രീ. വിപിനചന്ദ്രൻ. പി. എസ്, സെക്രട്ടറി |
| 3-6 | 599068 | ഡോ. ജോഷി. കെ, മെഡിക്കൽ ഓഫീസർ |
| 3-7 | 249184 | ഡോ. അമ്പിളി, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-11 | 7043 | ശ്രീമതി. വി. ലതികാദേവി, സെക്രട്ടറി |
| 3-13 | 75133 | ശ്രീ. വിപിനചന്ദ്രൻ. എസ്, സെക്രട്ടറി |
| | 200000 | ശ്രീമതി. ലതികാദേവി, സെക്രട്ടറി |
| 3-14 | 44000 | ശ്രീമതി. ഉഷ. ബി. നായർ, പ്രാധാനാധ്യാപിക |
| 3-15 | 185000 | ശ്രീ. പി. ആർ. സജി, അസിസ്റ്റന്റ് സെക്രട്ടറി |

| | | |
|---|---|---|
| 3-17 | 1500000 | |
| ആകെ | 2909328 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ - 3-12

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.വി.ലതികാദേവി,<br>സെക്രട്ടറി | സെക്രട്ടറി,<br>കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത് | വരദക്ഷിണ,<br>വയലാർ പി.ഒ, ചേർത്തല |
| ശ്രീ.വിപിനചന്ദ്രൻ.പി.എസ്,<br>സെക്രട്ടറി | സെക്രട്ടറി,<br>തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്ത് | ചന്ദ്രലേഖ,<br>തുറവൂർ പി.ഒ, ചേർത്തല |
| ശ്രീ. റ്റി. സുഭാഷ് കുമാർ,<br>അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്ത് | രോഹിണി,<br>കാഞ്ഞിരംചിറ,<br>തുമ്പോളി പി.ഒ , ആലപ്പുഴ |
| ഡോ.ജോഷി.കെ,<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി,<br>തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്ത് | സോപാനം,<br>CMC-11, ചേർത്തല |
| ശ്രീമതി.ഉഷ.ബി.നായർ,<br>എച്ച്.എം. | പ്രധാനാധ്യാപിക,<br>ഗവ. എൽ.പി.എസ്, തൈക്കാട്ടുശ്ശേരി | ശിവകൃപ,<br>പള്ളിപ്പുറം പി.ഒ, ചേർത്തല |
| ശ്രീ.പി.ആർ.സജി,<br>അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി,<br>പെരുമ്പളം ഗ്രാമ പഞ്ചായത്ത് | സിന്ധു നിവാസ്,<br>CMC-14, ചേർത്തല |
| ഡോ.അമ്പിളി,<br>മെഡിക്കൽ ഓഫീസർ,<br>ആയുർവേദം | മെഡിക്കൽ ഓഫീസർ,<br>ഗവ. ആയുർവേദ ഡിസ്പെൻസറി,<br>തൈക്കാട്ടുശ്ശരി ഗ്രാമ പഞ്ചായത്ത് | പീടികപറമ്പിൽ,<br>നദ് വത്ത് നഗർ.പി.ഒ,<br>അരൂക്കുറ്റി |

## 4-10.തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99ചെലവ് | എൽ.എഫ്.ജി.എ5-1832/11 തീയതി.19.01.2012 |
| 1999-00 | എൽ.എഫ്.ജി.എ5-1832/11 തീയതി.19.01.2012 |
| 2001-02 | എൽ.എഫ്.ജി.എ5-1832/11 തീയതി.19.01.2012 |
| 2002-03 | എൽ.എഫ്.ജി.എ5-1832/11 തീയതി.19.01.2012 |
| 2003-04 | എൽ.എഫ്.ജി.എ5-1832/11 തീയതി.19.01.2012 |
| 2004-05 | എൽ.എഫ്.ജി.എ5-1832/11 തീയതി.19.01.2012 |
| 2005-06 | എൽ.എഫ്.ജി.എ5-1832/11 തീയതി.19.01.2012 |
| 2006-07 | എൽ.എഫ്.ജി.എ5-1577/14 തീയതി.08.05.2014 |
| 2007-08 | എൽ.എഫ്.ജി.എ5-1577/14 തീയതി.12.05.2014 |
| 2008-09 | എൽ.എഫ്.ജി.എ5-1577/14 തീയതി.12.05.2014 |
| 2009-10 | എൽ.എഫ്.ജി.എ5-1577/14 തീയതി.12.05.2014 |
| 2010-11,<br>2011-12 | എൽ.എഫ്.എ.പി9-709/13 തീയതി.17.12.2014/14.03.2014 |
| 2012-13 | എൽ.എഫ്.എ.പി9-20/15തീയതി.12.02.2015/17.03.2015 |
| 2013-14 | എൽ.എഫ്.എ.പി9-1621/15 തീയതി.17.12.2015/28.01.2016 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി9-841/16 തീയതി.30.07.2016/ 05.08.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.പി9-1563/16 തീയതി.13.01.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-എ.എൽ.പി-പി9-1063-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

ഫോൺ-0477-2252753,

ഇ-മെയിൽ - ddhglfalpy@gmail.com

തീയതി. 08.08.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

- 
- 
- 
- 
- 

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P9-1063-17

Kerala State Audit Department,

District Audit Affice, Alappuzha.

Ph : 0477-2252753

E-mail : ddhglfalpy@gmail.com

Date : 08.08.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thycattusery Grama Panchayat in Alappuzha district for the year ended on 31.03.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statement of Thycattusery Grama Panchayat for the year 2016-17 except the observations in Para 4-1 of my Audit Report properly presents the picture of income and expenditure.

.

.

.

.

.

.

Deputy Director

kerala State Audit Department

Alappuzha

## അനുബന്ധം - 2

## 10.03. 2017- ലെ പഞ്ചായത്ത് കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങളുടെ വിവരം

| ക്രമ നം. | അംഗത്തിന്റെ പേര് | വാർഡ് നം. | മേൽവിലാസം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ശ്രീമതി. ശാന്തമ്മ പ്രകാശ് | X | കാർത്തിക, തൈക്കാട്ടുശ്ശേരി, ചേർത്തല - 688528 |
| 2 | ശ്രീ. കെ.ആർ.പുഷ്കരൻ | IX | കൊച്ചുവെളി, മണപ്പുറം, ചേർത്തല - 688526 |
| 3 | ശ്രീമതി. വിജയകുമാരി | III | വൃന്ദാവനം, തേവർവട്ടം, ചേർത്തല - 688526 |
| 4 | ശ്രീമതി. മിനി രമേശൻ | V | രണ്ടുതെങ്ങുംവെളി, മണപ്പുറം, ചേർത്തല - 688526 |
| 5 | ശ്രീമതി.അംബിക ശശിധരൻ | II | പൂപ്പള്ളി, ഉളവയ്പ്പ്, ചേർത്തല, പിൻ- 688526 |
| 6 | ശ്രീമതി. ഗംഗാദേവി | XIV | പനമ്പുകാട്ടിൽ, തൈക്കാട്ടുശ്ശേരി, ചേർത്തല - 688528 |
| 7 | ശ്രീമതി.ബിജിമോൾ സാജൻ | XI | മലയാറ്റിൽ, തൈക്കാട്ടുശ്ശേരി, ചേർത്തല - 688528 |
| 8 | ശ്രീ.സജി മണപ്പുറം | VII | മറ്റത്തിവെളി, മണപ്പുറം, ചേർത്തല - 688526 |
| 9 | ശ്രീ.പി.വി.രജിമോൻ | XII | പുതുവൽ നികർത്ത്, തൈക്കാട്ടുശ്ശേരി, ചേർത്തല, പിൻ - 688528 |
| 10 | ശ്രീ. മാമച്ചൻ, കളപ്പുരയ്ക്കൽ | XIII | കളപ്പുരയ്ക്കൽ, തൈക്കാട്ടുശ്ശേരി, ചേർത്തല - 688528 |
| 11 | ശ്രീ.എൻ.പി.പ്രദീപ് (പ്രമോദ്) | VI | നികർത്തിൽ, മണപ്പുറം, ചേർത്തല - 688526 |

.
.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ